ISSN:2583-2484

# ശാംഭവി

ത്രൈമാസിക

SHAAMBHAVI Book 11 | January - March 2022 | Edition 1



# പത്രാധിപക്കുറിപ്പ്

സത്യത്തിന്റെ സ്വഭാവം പലതാണ്. അതിന്റെ തനിനിറം ഒന്ന്. പ്രായോഗികത മറ്റൊന്ന്. സത്യം ഒന്നേ ഉള്ളൂ എന്നതിനാൽ പറയുന്ന തൊന്നും ഓർത്തിരിയ്ക്കേണ്ടതില്ല. എന്താണ് പറയേണ്ടത് എന്ന് ചിന്തി യ്ക്കേണ്ട ആവശ്യമില്ല. അതുപോലെ പറഞ്ഞതൊന്നും മൂടിവയ്ക്കേണ്ടതില്ല. മൂടിവയ്ക്കാൻ സാധിയ്ക്കില്ല. ഇപ്രകാരം സത്യത്തെ കുറിച്ച് പലതും പറയാം. ഇതാ ഒരു സുഭാഷിതം :

*സത്യം ബ്രൂയാത് പ്രിയം ബ്രൂയാത്*
*ന ബ്രൂയാത് സത്യമപ്രിയം*
*പ്രിയം ച നാനൃതം ബ്രൂയാത്*
*ഏഷഃ ധർമഃ സനാതനഃ*

സത്യം പറയണം. പ്രിയവും പറയണം. എന്നാൽ സനാതനധർമ്മ സ്ഥാപനത്തിന് അപ്രിയമായ സത്യവും പ്രിയമായ അസത്യവും പറയ രുത്.

സത്യത്തിന്റെ പ്രായോഗികത ജീവിതത്തിന്റെ അവസ്ഥാഭേദം നോക്കി തിരഞ്ഞെടുക്കണമെന്ന ചാണക്യവാക്യങ്ങൾ സ്മരിച്ചുകൊണ്ട് ഈ ലക്കം ശാംഭവിവായനയിലേയ്ക്ക് കടക്കാം.

*"ആരും ആവശ്യത്തിലേറെ സത്യസന്ധരാകരുത്.*
*വളവില്ലാത്ത നേരെയുള്ള മരങ്ങളാണ് ആദ്യം*
*മുറിയ്ക്കപ്പെടുക"*

എന്നാൽ അധർമ്മത്തിന്റെയോ അനീതിയുടെയോ പാതയല്ല സ്വീകരിയ്ക്കേണ്ടത് എന്നും അദ്ദേഹം വ്യക്തമാക്കുന്നു

"തെറ്റായ ദിശയിലേയ്ക്ക് പോകുന്ന ഒരു കൂട്ടത്തിന്റെ ഭാഗമാകുന്ന തിനേക്കാൾ ശരിയായ ദിശയിൽ ഒറ്റയ്ക്ക് പോകുന്നതാണ് നല്ലത്".

# ശാംഭവി
## ത്രൈമാസിക
സൌജന്യ വിതരണത്തിന്

പുസ്തകം 11 ലക്കം 45

ജനവരി - മാർച്ച് 2022



ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org



**എഡിറ്റോറിയൽ ബോർഡ്**

പ്രിന്റർ & പബ്ലിഷർ
**കെ.പി. ശ്രീധരൻ നമ്പൂതിരി**

എഡിറ്റർ
**ഡി. പ്രകാശ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ. അജിതൻ പി.ഐ.**

ഡെപ്യൂട്ടി എഡിറ്റർ
**ദാമോദർ നാരായണൻ സി.എൻ.**

അസിസ്റ്റന്റ് എഡിറ്റർ
**ഡോ. മുരളികൃഷ്ണൻ എം.വി.**

സബ് എഡിറ്റർ
**അനൂപ് കൃഷ്ണൻ എസ്.യു.**

മുഖചിത്രം
**അർച്ചന ഉണ്ണി**

പുറംചട്ട രൂപകല്പന
**ഉണ്ണി കൊണ്ടമറുക്**

അക്ഷരവിന്യാസം, രൂപകല്പന
**രവി പാറക്കുന്നം, തൃശ്ശൂർ**

മുദ്രണം
**മമ ഓഫ് സെറ്റ് പ്രിന്റ്**
നട, ഇരിങ്ങാലക്കുട


# വിഷയവിവരം


1. ഷട്ത്രിംശന്നവമല്ലികാസ്തവഃ — 2
2 സംസ്കൃതപഠനം (47) — 3
3. കുട്ടികളുടെ വാല്മീകിരാമായണം (29) — 8
4. ഔഷധസസ്യങ്ങൾ (35) കഞ്ഞുണ്ണി — 10
5. സ്തുതികുസുമാഞ്ജലി (8) — 12
6. പര്യന്തപഞ്ചാശിക — 18
7. പരമാർത്ഥസാരം (16) — 25
8. ലളിതാസഹസ്രനാമം (37) — 28
9. ഭഗവദ്ഗീതാ - ഒരു പുനർവായന (27) — 31

# ഷട്ത്രിംശന്നവമല്ലികാസ്തവഃ

സമ്പാദക : അപർണ്ണാദേവി എ.

*നാദാന്തേഷ്ടലവധ്വനിപ്രകടിതാം വിദ്യുച്ഛടാഭാസുരാം*
*യാം സവ്യസ്ഥിതബിന്ദുലാങ്ഗലമിവ സ്വം രൂപമാബിഭ്രതീം*
*യാന്തീമൂർധ്വകുലം യമാദിനിരതാഃ പശ്യന്ത്യഖണ്ഡാപ്തയേ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*തിര്യഗ്ബിന്ദുയുഗസ്യ വാമവിചരദ്രേഖാമയേ നിർമലേ*
*ശക്ത്യബ്ജേ തരുണാർകരോചിഷി ച യാം പശ്യന്തി ലക്ഷേക്ഷ*
*ണാഃ*
*സ്വാനന്ദായ ചതുർലവസ്വനമയീം ശ്രീപാദുകാഗാമിനീം*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*ബിന്ദ്വാശ്ലിഷ്ടകൃശാനുകോണതനുമത്യാം വ്യാപികായാം സദാ*
*ബാലോഷ്ണാംശുരുചൗ പരാം ലവയുഗധ്യാനാത്മികാം സംവിദം*
*യാം പശ്യന്തി മനീഷിണഃ കുലവധൂപാദാബ്ജരേണൂദ്വഹാ-*
*സ്താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*ഊർധ്വാധോവിലസത്സുബിന്ദുയുതരേഖാമ്ഭോരുഹേ നിർമലേ*
*സൂര്യാഭേ സമനേതിനാമ്നി ലവനിസ്വാനാത്മികാം ചേതനാം*
*യാം പശ്യന്ത്യമനസ്കയോഗവിഭവായാന്തർമുഖാരാധകാ-*
*സ്താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*ഉന്മന്യംബുരുഹേ ദ്വിഷഡദിനമണിജ്യോതിർമയേ ചിന്മയീം*
*ബിന്ദ്വാധാരസമുല്ലസത്സഗ് ലസദ്രേഖാമയേ യോഗിനഃ*
*യാം പശ്യന്ത്യണിമാദിവിഘ്നദലനേ ധീധൈര്യവിജ്ഞാനിന*
*സ്താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാം ധാത്രാദിവിഹീനധാമരസികാം ജ്ഞാത്രാദിവിശ്രാന്തികാ*
*മാത്മാരാമപരായണശ്രുതിശിരോമൗനാർഥരൂപാം ശിവാം*
*നിർദ്വന്ദ്വാത്മപരായണാ അനുഭവന്ത്യാനന്ദസീമാതിഗാ*
*സ്താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാമാബാലബുധാജ്ഞഗോപവിദിതാഹംരൂപിണീം സർവദാ*
*സർവോപപ്ലവമുക്തധാമരമണീം സ്വാനന്ദലീലാവതീം*

*നിസ്ത്രൈഗുണ്യപരാപരേതരരസാഃ സ്വേനൈവ പശ്യന്ത്യഹോ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാം പ്രജ്ഞേതി വദന്തി കേചിദിതരേ സദ്രൂപിണീത്യാദിമാം*
*ശൂന്യം കേചിദജേതി കേചിദപരേ ജാഡ്യാത്മികേത്യദ്ഭുതം*
*ജാഡ്യാജാഡ്യമയീതി കേചിദിതരേ തദ്ബ്രഹ്മ സർവാത്മകം*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാ കാഷ്ഠാ പരമാ ഗതിഃ പരമഭദ്രസ്പന്ദിനീ സ്പന്ദിനീ*
*സൃഷ്ട്വാദൗ നിഖിലം ചരാചരമിദം സ്വസ്മിൻ പ്രവേശ്യേച്ഛയാ*
*ക്രീഡത്യേകരസാത്മികാപി ബഹുധാ ഭാതീവ യാ സർവഗാ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാഹം പ്രത്യയസാക്ഷിണീ ജഗദുപാദാനം നിഷ്കാരണം*
*യാവസ്ഥാത്രയവർജിതാപി സകലാവസ്ഥാത്മികാ സംവിദാ*
*യാ ഭോക്തൃത്വവിലക്ഷണാപി സതതം ഭോക്ത്രീ പ്രമോദാന്നിജാത്*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*സർവാനുഗ്രഹധർമിണീ സ്വയമഭൂത് സാദാഖ്യധർമേണ യാ*
*ലോകാനാം പരമേശ്വരീ കില തിരോധാനേന ധർമേണ യാ*
*യാ നാശസ്ഥിതിസൃഷ്ടിധർമവിഭവൈ രുദ്രാദിമൂർത്യാത്മികാ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

# സംസ്കൃതപാഠം (48)

ഡി. പ്രകാശ്

(കഴിഞ്ഞ ലക്കം തുടർച്ച)

## രഘുവംശശ്ലോകം

*രേഖാമാത്രമപി ക്ഷുണ്ണാദാ*
*മനോർവർത്മനഃ പരം*
*ന വ്യതീയുഃ പ്രജാസ്തസ്യ*
*നിയന്തുഃ നേമിവൃത്തയഃ 17*

**പദങ്ങൾ** : രേഖാമാത്രം അപി ക്ഷുണ്ണാത് ആ മനോഃ വർത്മനഃ പരം ന വ്യതീയുഃ പ്രജാഃ തസ്യ നിയന്തുഃ നേമിവൃത്തയഃ.

## വിഭക്ത്യാദികൾ :

| | |
|---|---|
| രേഖാമാത്രം | അവ്യയം |
| അപി | അവ്യയം |
| ക്ഷുണ്ണാത് | അകാരാന്തഃ നപുംസകലിംഗഃ പഞ്ചമീ ഏകവചനം |
| ആ | അവ്യയം |
| മനോഃ | ഉകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |
| വർത്മനഃ | നകാരാന്തഃ നപുംസകലിംഗഃ ഷഷ്ഠീ ഏകവചനം |
| പരം | അകാരാന്തഃ നപുംസകലിംഗഃ ദ്വിതീയാ ഏകവചനം |
| ന | അവ്യയം |
| പ്രജാഃ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ബഹുവചനം |
| തസ്യ | ദകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |
| നിയന്തുഃ | ഋകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |
| നേമിവൃത്തയഃ | ഇകാരാന്തഃ പുല്ലിംഗഃ പ്രഥമാ ബഹുവചനം |

## സമാസാദികാര്യങ്ങൾ :

| | |
|---|---|
| നേമിവൃത്തയഃ | നേമീനാം വൃത്തിഃ ഇവ വൃത്തിഃ യാസാം താഃ |

## ധാത്വാദികൾ :

| | |
|---|---|
| വ്യതീയുഃ | വി അതി ഇത്യുപസർഗപൂർവകഃ ഇ ധാതുഃ, പരസ്മൈപദീ, ലിട് ലകാരഃ,പ്രഥമപുരുഷഃ, ബഹുവചനം |

വ്യതീയായ വ്യതീയതുഃ വ്യതീയുഃ
വ്യതീയേഥ വ്യതീയഥുഃ വ്യതീയ
വ്യതീയായ വ്യതീയിവ വ്യതീയിമ

## പദാർത്ഥങ്ങൾ :

| | |
|---|---|
| രേഖാമാത്രം | രേഖ മാത്രമായി |
| അപി | പോലും |
| ക്ഷുണ്ണാത് | പരിശീലിയ്ക്കപ്പെട്ടതായ (അരഞ്ഞുണ്ടായതായ) |
| ആ | മുതൽ (തുടങ്ങി) |
| മനോഃ | മനുവിൽ നിന്ന് |
| വർത്മനഃ | മാർഗ്ഗത്തിന് |
| പരം | ശേഷം |
| ന | ഇല്ല |
| പ്രജാഃ | പ്രജകൾ |
| തസ്യ | അദ്ദേഹത്തിന്റെ |
| നിയന്തുഃ | നിയന്താവിന്റെ |
| നേമിവൃത്തയഃ | രഥചക്രത്തിന്റെ പട്ടയുടെ പ്രവൃത്തിപോലെ പ്രവൃത്തിയുള്ളവർ |

## അന്വയം /ഗദ്യക്രമം :

തസ്യ നിയന്തുഃ നേമിവൃത്തയഃ പ്രജാഃ ആ മനോഃ ക്ഷുണ്ണാത് വർത്മനഃ പരം രേഖാമത്രം അപി ന വ്യതീയുഃ .

## അന്വയാർത്ഥം :

നിയന്താവായ അദ്ദേഹത്തിന്റെ രഥചക്രത്തിന്റെ പട്ടയുടെ പ്രവൃത്തി പോലുള്ള പ്രവൃത്തിയോട് കൂടിയ പ്രജകൾ മനുവിൽ നിന്ന് തുടങ്ങിയ പരിശീലിച്ച മാർഗ്ഗത്തിനുശേഷം ഒരു രേഖമാത്രംപോലും വ്യതിചലിച്ചില്ല.

## സാരം :

ഇവിടെ ദിലീപമഹാരാജാവിനെ ഒരു രഥത്തിന്റെ സാരഥിയോട് ഉപമിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഭരണസാമർത്ഥ്യത്തെ വർണ്ണിയ്ക്കുന്നു. രഘുവംശത്തിലെ ആദ്യരാജാവായ വൈവസ്വതമനു പിൻതുടർന്നിരുന്ന ആചാരപദ്ധതിയാണ് ജനങ്ങൾ സഞ്ചരിയ്ക്കേണ്ടതായ വഴി. ആ വഴിയിൽനിന്ന് അല്പം

പോലും മാറാതെ ജനങ്ങൾ അദ്ദേഹത്തിന്റെ ഭരണനൈപുണ്യംകൊണ്ട് സഞ്ചരിച്ചിരുന്നു. ഇവിടെ ദിലീപമഹാരാജാവിനെ ഒരു രഥത്തിന്റെ സാരഥിയായും ജനങ്ങളെ രഥചക്രത്തിന്റെ പട്ടയായും സാദൃശ്യപ്പെടുത്തിയിരിയ്ക്കുന്നു. രഥചക്രത്തിന്റെ പട്ട ഒരിക്കലും സാരഥി ഉരുട്ടിയതായ രഥത്തിന്റെ മാർഗ്ഗത്തിൽനിന്ന് മാറുകയില്ല. ഇവിടെ രഥചക്രത്തിന്റെ പട്ട (രഥനേമി) ജനങ്ങളും സാരഥി ദിലീപമഹാരാജാവുമാണ്. ദിലീപൻ പിൻതുടർന്നതും വൈവസ്വതമനു തുടങ്ങിവച്ചതുമായ ആചാരപദ്ധതിയിൽനിന്ന് ജനങ്ങൾ ഒരിക്കലും വ്യതിചലിച്ചില്ല. വ്യതിചലിയ്ക്കാത്തത് ദിലീപന്റെ ഭരണസാമർത്ഥ്യത്തെ കാണിയ്ക്കുന്നു.

*പ്രജാനാമേവ ഭൂത്യർഥം*
*സ താഭ്യോ ബലിമഗ്രഹീത്*
*സഹസ്രഗുണമുത്സ്രഷ്ടു-*
*മാദത്തേ ഹി രസം രവിഃ      18*

**പദങ്ങൾ :** പ്രജാനാം ഏവ ഭൂത്യർഥം സഃ താഭ്യഃ ബലിം അഗ്രഹീത് സഹസ്രഗുണം ഉത്സ്രഷ്ടും ആദത്തേ ഹി രസം രവിഃ

## വിഭക്ത്യാദികൾ :

| | |
|---|---|
| പ്രജാനാം | ആകാരാന്തഃ സ്ത്രീലിംഗഃ ഷഷ്ഠീബഹുവചനം |
| ഏവ | അവ്യയം |
| ഭൂത്യർഥം | അവ്യയം |
| സഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| താഭ്യഃ | ആകാരാന്തഃ സ്ത്രീലിംഗഃ പഞ്ചമീബഹുവചനം |
| ബലിം | ഇകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ഏകവചനം |
| സഹസ്രഗുണം | അകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ഏകവചനം |
| ഉത്സ്രഷ്ടും | തുമുന്നന്തം അവ്യയം |
| ഹി | അവ്യയം |
| രസം | അകാരാന്തഃ പുല്ലിംഗഃ ദ്വിതീയാബഹുവചനം |
| രവിഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |

**സമാസാദികാര്യങ്ങൾ :**

| | |
|---|---|
| സഹസ്രഗുണം | സഹസ്രം ഗുണാഃ യസ്മിൻ കർമണി തദ്യഥാ തഥാ |

**ധാത്വാദികൾ :**

| | |
|---|---|
| അഗ്രഹീത് | ഗ്രഹ് ധാതുഃ, പരസ്മൈപദീ, ലുങ് ലകാരഃ, പ്രഥമപുരുഷഃ, ഏകവചനം |

| | | |
|---|---|---|
| അഗ്രഹീത് | അഗ്രഹീഷ്ടാം | അഗ്രഹീഷുഃ |
| അഗ്രഹീഃ | അഗ്രഹീഷ്ടം | അഗ്രഹീഷ്ട |
| അഗ്രഹീഷം | അഗ്രഹീഷ്വ | അഗ്രഹീഷ്മ |

**പദാർത്ഥങ്ങൾ :**

| | |
|---|---|
| പ്രജാനാം | പ്രജകളുടെ |
| ഏവ | തന്നെ |
| ഭൂത്യർഥം | ഐശ്വര്യത്തിനായി |
| സഃ | അദ്ദേഹം |
| താഭ്യഃ | അവരിൽനിന്ന് |
| ബലിം | കരം |
| സഹസ്രഗുണം | അനേകം മടങ്ങായി |
| ഉത്സ്രഷ്ടും | വർഷിക്കുവാൻ |
| ഹി | എന്തുകൊണ്ടെന്നാൽ |
| രസം | ജലം |
| രവിഃ | സൂര്യൻ |

**അന്വയം/ഗദ്യക്രമം :**

സഃ പ്രജാനാം ഏവ ഭൂത്യർഥം താഭ്യഃ ബലിം അഗ്രഹീത്. ഹി രവിഃ സഹസ്രഗുണം ഉത്സ്രഷ്ടും രസം ആദത്തേ.

**അന്വയാർത്ഥം :**

അദ്ദേഹം പ്രജകളുടെ തന്നെ ഐശ്വര്യത്തിനായി അവരിൽനിന്ന് കരം സ്വീകരിയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ സൂര്യൻ അനേകം മടങ്ങായി വർഷിക്കുവാനായി വെള്ളം എടുക്കുന്നു.

**സാരം :**

ദിലീപമഹാരാജാവ് ജനങ്ങളിൽനിന്ന് കരം സ്വകരിച്ചിരുന്നത് അവരുടെ അഭിവൃദ്ധിയ്ക്ക് തന്നെയാണ്. ഏതുപോലെയെന്നാൽ സൂര്യൻ പതിന്മടങ്ങ് ഭൂമിയിലേയ്ക്ക് വർഷിയ്ക്കാനായിട്ടാണ് വെള്ളം തന്റെ രശ്മികളെകൊണ്ട് എടുക്കുന്നത്. ഇതിൽനിന്ന് ദിലീപമഹാരാജാവ് പ്രജകളിൽനിന്ന് നികുതി പിരിച്ചിരുന്നത് അവരുടെ അഭിവൃദ്ധിയ്ക്ക് വേണ്ടിയാണ്. പിരിച്ചിരുന്നതിന്റെ ആയിരം മടങ്ങായി ജനങ്ങളിലേയ്ക്ക് നൽകാനായിട്ടാണ് എന്ന് മനസ്സിലാക്കാം.

(തുടരും)

## കുട്ടികളുടെ
# വാല്മീകിരാമായണം 29



ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും
മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(വാല്മീകി രാമായണം തുടർച്ച)

പ്രിയ ശാംഭവി കൂട്ടുകാരേ,

അത്രി മഹർഷിയുടെ പതിവ്രതാരത്നമായ അനുസൂയയും സീതാദേവിയുമായുള്ള സംവാദം നിങ്ങൾക്ക് അനുഭൂതിയുടെ അനന്തതലങ്ങൾ പകർന്നു നല്കി എന്നു വിശ്വസിയ്ക്കുന്നു. ഇതുപോലുള്ള ഹൃദയസംവാദങ്ങളാണ് വാല്മീകി രാമായണത്തിന്റെ കാലാതിവർത്തിയായ കരുത്ത് തുറന്നു കാണിയ്ക്കുന്നത്. ഭാര്യാഭർത്തൃബന്ധം ഏറ്റവും പരിപാവനമായി സൂക്ഷിയ്ക്കേണ്ടതാണെന്നും വിവാഹമോചനക്കേസുകൾ വർദ്ധിച്ചുവരുന്ന സമകാലീന സമൂഹത്തിൽ അനുസൂയ-സീതാ സംവാദം മുന്നറിയിപ്പ് നല്കുന്നു. ഭാരതീയ സംസ്കൃതിയുടെ അകക്കാമ്പ് തുറന്നു കാണിയ്ക്കുക കൂടിയാണ് മഹാനായ വാല്മീകിമഹർഷി

ഇതുപോലുള്ള സ്ത്രീരത്നങ്ങളുടെ ജീവിതവീക്ഷണത്തിലൂടെ.

കൂട്ടുകാരേ, നമ്മൾ അടുത്തതായി പ്രവേശിയ്ക്കുന്നത് ആരണ്യകണ്ഡത്തിലേയ്ക്കാണ്. പേരു സൂചിപ്പിയ്ക്കുന്നതുപോലെ ആരണ്യസംസ്ക്കാരം ഭാരതത്തിന്റെ അന്തഃസത്തതന്നെയാണ്. കാടിന്റെ ഔന്നത്യവും ഗാംഭീര്യവും വാക്കുകളാൽ വിശേഷിപ്പിയ്ക്കാൻ അസാദ്ധ്യമാണ്. ആരണ്യപിതാക്കൾ എന്നാണ് മഹർഷിശ്രേഷ്ഠന്മാരെ സ്വർഗ്ഗസ്ഥയായ നമ്മുടെ പ്രിയ കവയത്രി ബാലാമണിയമ്മ സംബോധന ചെയ്തത്. അവർ അറിഞ്ഞു സമ്മാനിച്ച ആത്മീയധനമാണ് ഭാരതത്തിന്റെ മികച്ച മൂലധനം. നീർച്ചോലകളുടെ കളകളാരവവും പക്ഷിമൃഗാദികളുടെ വൈരം വെടിഞ്ഞുള്ള ചേഷ്ടകളും തപസ്സുകൊണ്ട് പവിത്രമാക്കപ്പെട്ട ഋഷികവാടങ്ങളും ശ്രീരാമനിൽ എന്തെന്നില്ലാത്ത ഭാവഹാവാദികൾ സമുല്പാദിപ്പിച്ചു. ത്രികാലജ്ഞരായ മഹർഷിശ്രേഷ്ഠന്മാർ ശ്രീരാമസീതാ-ലക്ഷ്മണന്മാരുടെ ആഗമത്താൽ ഏറെ സന്തുഷ്ടരായി. ആതിഥ്യം സ്വീകരിച്ചശേഷം ഇവർ വനാന്തർഭാഗത്തേയ്ക്ക് പ്രവേശിച്ചു. നരഭോജിയും പർവ്വതാകാരനുമായ ഒരു ഘോരസത്വമാണ് ആദ്യമായി അവരെ അഭിമുഖീകരിച്ചത്. വെറുപ്പുതോന്നുന്ന ഈ ഘോരരൂപത്തിന്റെ വായിൽനിന്ന് എപ്പോഴും ചുട്ടചോര ഇറ്റിറ്റു വീണുകൊണ്ടിരുന്നു. മൂന്നു സിംഹങ്ങൾ, നാലു കടുവകൾ, രണ്ടു ചെന്നായ്ക്കൾ, പത്തു പുള്ളിമാനുകൾ, ഒരു ആനത്തല ഇവയെല്ലാം ഇരുമ്പു ശൂലത്തിൽ കോർത്ത് ആർത്തട്ടഹസിച്ചുകൊണ്ട് ആ സത്വം അവർക്കുനേരെ ഈറ്റപ്പുലിയെപ്പോലെ പാഞ്ഞടുത്തു. തപോനിഷ്ഠരായ മുനിശ്രേഷ്ഠന്മാരുടെ കർമ്മാനുഷ്ഠാനങ്ങൾക്ക് വിഘ്നമുണ്ടാക്കി, അവരെ പിടിച്ചു ഭക്ഷിയ്ക്കുന്ന വിരാധനെന്ന രാക്ഷസനായിരുന്നു അത്. തപോബലംകൊണ്ട് സ്വായത്തമാക്കിയ ശക്തിയുടെ പിൻബലത്താൽ അജയ്യനായി കാടടക്കി വാഴുകയായിരുന്നു വിരാധൻ. വളരെയേറെ പണിപ്പെട്ട് ശ്രീരാമലക്ഷ്മണന്മാർ ആ ഭീകരരൂപിയെ കീഴടക്കി. അവയവങ്ങളോരോന്നായി വൻമരങ്ങളെന്നപോലെ വെട്ടിയൊതുക്കി, അവസാനം രാക്ഷസൻ മലപോലെ മരിച്ചുവീണു. അഹങ്കാരംമൂലം മദോന്മത്തനായി, അഴിഞ്ഞാടുന്ന തംബുരു എന്ന ഗന്ധർവ്വനായിരുന്നു താനെന്നും സാത്വികരേയും പാവപ്പെട്ടവരേയും ഉപദ്രവിയ്ക്കുന്നതിൽ സാഫല്യം കണ്ടെത്തുന്ന പ്രകൃതമായിരുന്നു തന്റേതെന്നും ഗന്ധർവ്വൻ മരിയ്ക്കുന്നതിനുമുമ്പായി ഏറ്റുപറഞ്ഞു. തപോബലത്താൽ അജയ്യനായ ഗന്ധർവ്വനെ എതിർത്തു തോല്പിയ്ക്കുക എളുപ്പമല്ലായിരുന്നു. അങ്ങനെയിരിയ്ക്കെ വൈശ്രവണന്റെ ശാപത്താൽ ഇപ്രകാരമായിത്തീരുകയാണുണ്ടായതെന്നും ഗന്ധർവ്വൻ ദയനീയമായി അറിയിച്ചു. ശ്രീരാമചന്ദ്രന്റെ കാരുണ്യത്താൽ പഴയരൂപം തിരിച്ചുകിട്ടുമെന്നും വൈശ്രവണൻ ശാപമോക്ഷം നല്കി. അറിയാതെ ചെയ്തുപോയ കുറ്റകൃത്യങ്ങൾ ക്ഷമിച്ചു മാപ്പുനല്കണമെന്നപേക്ഷിച്ച ഗന്ധർവ്വനെ ആശ്രിതവത്സലനായ ശ്രീരാമൻ അനുഗ്രഹിച്ച് സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചുപോകാനനുവാദം നല്കി.

ഇമ്മാതിരി സംഭവങ്ങൾ ശ്രീരാമസീതാലക്ഷ്മണന്മാരെ ശാരീരികവും മാനസികവുമായി ഏറെ പരിക്ഷീണരാക്കി. പ്രകൃതി കനിഞ്ഞരുളി സമ്പുഷ്ട മാക്കിയ ഭൂവിഭാഗങ്ങൾ മാടിവിളിയ്ക്കുമ്പോഴും ഇതുപോലുള്ള സത്വങ്ങൾ എല്ലാ സ്വസ്ഥതയും ഇല്ലായ്മ ചെയ്യുമെന്ന് വാല്മീകി യാഥാർത്ഥ്യബോധത്തോടെ വരച്ചുകാണിച്ചു തന്നിരിയ്ക്കുന്നു. ധർമ്മപരിപാലനാർത്ഥം യാഗരക്ഷ ചെയ്ത ശ്രീ രാമന്റെ ആഗമനവും അല്പകാലത്തെ അവിടുത്തെ വാസവും കുറെയേറെ ദു ർമ്മാർഗ്ഗികളെ ഇല്ലായ്മ ചെയ്യാൻ വഴിവെച്ചു. അങ്ങനെ അവർ ആ പ്രദേശ ത്തോട് വിടപറഞ്ഞു. ഭക്തശിരോമണിയും തപോധനനുമായ ശരഭങ്ഗന്റെ ആശ്രമം കണ്ടെത്തുകയായിരുന്നു അവരുടെ അടുത്ത ലക്ഷ്യം. കുറെയേറെ സഞ്ചരിച്ച് അവസാനം ആശ്രമസമീപത്ത് എത്തിച്ചേർന്നു. ഈരേഴ് പതി ന്നാലു ലോകങ്ങളിലും സമാരാദ്ധ്യനായിരുന്നു ഈ താപസശ്രേഷ്ഠൻ. ശരഭ ങാശ്രമത്തെ സമീപിച്ച ശ്രീരാമൻ അത്യത്ഭുതകരമായ ഒരു കാഴ്ചയാണ് കണ്ടത്. ദേവനായകനായ ദേവേന്ദ്രൻ ശരഭങ്ഗനുമായി കുശലപ്രശ്നം നടത്തുന്നു. നിഷ്ക്കാമകർമ്മം അനുഷ്ഠിയ്ക്കുന്നവർക്കു മുമ്പിൽ സർവ്വതും സർവ്വ രും തലകുനിയ്ക്കുമെന്ന് കൃതഹസ്തനായ വാല്മീകി മഹർഷി വരച്ചുകാണിയ്ക്കുന്നു. മഹാകവി വള്ളത്തോൾ വിശേഷിപ്പിച്ചപോലെ ത്യാഗമെന്നതേ നേട്ടം എന്നത് ഇവിടെ അർത്ഥവത്താകുന്നു.

(തുടരും)

ഔഷധസസ്യങ്ങൾ – 35

# കഞ്ഞുണ്ണി

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

ഇന്ത്യയിൽ തണുപ്പുള്ള സ്ഥലങ്ങളിലെല്ലാം പ്രത്യേകിച്ച് കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ വളരുന്ന ഔഷധസസ്യമാണ് കഞ്ഞുണ്ണി. പൂക്കളുടെ നിറഭേദമ നുസരിച്ച് വെള്ള, നീല, മഞ്ഞ എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

എക്ലിപ്റ്റ പ്രൊസ്ട്രാറ്റ എന്നാണ് കുടുംബനാമം. ഭൃംഗരാജ, സുപർണ്ണ, തേകരാജ തുടങ്ങിയ പേരുകൾ സംസ്കൃതത്തിലുണ്ട്. ഉപയോഗങ്ങൾ നിര വധിയാണ്. കഞ്ഞുണ്ണിയുടെ സ്വരസം മൂന്നുതുള്ളി സമം തേൻ ചേർത്ത് നൽ കിയാൽ കുഞ്ഞുങ്ങൾക്കനുഭവപ്പെടുന്ന കാസശ്വാസ വിഷമം മാറിക്കിട്ടും. കഞ്ഞുണ്ണിവേര് അരച്ച് നാഭിയിലും ഉള്ളം കാലിലും പുരട്ടിയാൽ വിഷൂചിക മാറും. മൂത്രതടസ്സത്താലനുഭവപ്പെടുന്ന നീരിന് ഇത് നാഭിയ്ക്ക് കീഴ്പോട്ട് പുരട്ടി

തലോടിയാൽ ശമനം കിട്ടും. കഞ്ഞുണ്ണി, പൂത്തുമ്പ, കിഴാർനെല്ലി ഇവയുടെ ഇലകൾ സമം അരിച്ചെടുത്ത് വലിയ നെല്ലിയ്ക്കാ വലിപ്പത്തിൽ രണ്ടുനേരവും പശുവിൻ മോരിൽ പതിവായി നാലുദിവസം സേവിച്ചാൽ മഞ്ഞപ്പിത്തം എന്ന അസുഖം മാറും.

മോണനീരും പഴുപ്പും രക്തസ്രാവവും അനുഭവപ്പെടുന്ന പയോറിയ രോഗത്തിന് പച്ച കഞ്ഞുണ്ണി ഇല കഴുകി വായിലിട്ട് രണ്ടു നേരവും ചവച്ചാൽ ഭേദമാകും. കഞ്ഞുണ്ണി, കുടവൻ, കിഴാർനെല്ലി ഇവയുടെ നീര് സമമായി അര ലിറ്റർ വീതം അര ലിറ്റർ പശുവിൻ നെയ്യും ചേർത്ത് 100 ഗ്രാം ഇരട്ടി മധുരവും കൂടി ചേർത്ത് നന്നായി കാച്ചി പകുതിയാക്കി, ഇതിൽനിന്ന് ഒരു ടീസ്പൂൺ വീതം മൂന്നു നേരം പതിവായി സേവിച്ചാൽ കരൾരോഗങ്ങൾ ഭേദമാകും. ഹിസ്റ്റീരിയ അസുഖത്തിന് കഞ്ഞുണ്ണ്യാദി എണ്ണ തലയ്ക്ക് തേയ്ക്കുന്നതും രണ്ടുനേരം ഓരോ ടീസ്പൂൺ സേവിയ്ക്കുന്നതും നല്ല പ്രതിവിധിയായി അനുഭവപ്പെട്ടിട്ടുണ്ട്.

കഞ്ഞുണ്ണിനീരിൽ വിഴാലരി, ചുക്ക്, ഇരട്ടിമധുരം ഇവ കൽക്കനായി ആട്ടിൻപാൽ ചേർത്ത് നെയ്യ് കാച്ചിയെടുത്ത് ആറു തുള്ളിവീതം രണ്ടുനേരവും 'നസ്യം' ചെയ്താൽ ശിരോരോഗങ്ങളും സ്ഥിരമായനുഭവപ്പെടുന്ന തലവേദനയും മാറും. കഞ്ഞുണ്ണിനീരിൽ കായം, കച്ചോലം, തിപ്പലി, ഏലത്തരി ഇവ അരച്ചുചേർത്ത് സേവിച്ചാൽ കൃമിശല്യം മാറിക്കിട്ടും. ഒരു ലിറ്റർ കഞ്ഞുണ്ണിനീരിൽ മൂന്നു കടുക്കത്തൊണ്ടും, പുരാണകിട്ടവും, പാർവള്ളിവേരും 100 ഗ്രാം വീതം അരച്ചുചേർത്ത് കാൽ ലിറ്റർ ഒലീവെണ്ണയും ചേർത്തുകാച്ചി പതിവായി തലയിൽ തേച്ചാൽ താരനും അനുബന്ധ അസുഖങ്ങളും മാറിക്കിട്ടും. കഞ്ഞുണ്ണി സമൂലം കഷായംവെച്ചു സേവിച്ചാൽ ഗർഭപാത്ര രക്തസ്രാവവും അമിതമായ ആർത്തവവും ഭേദമാകും. ഇത് അപൂർവ്വമായ ഔഷധക്കൂട്ടായി അറിയപ്പെടുന്നു. കുരുമുളകുപൊടി, പഞ്ചസാരയും സമം ചേർത്ത് കഞ്ഞുണ്ണിനീര് ഒരൗൺസും കലർത്തി ദിവസേന രണ്ടുനേരം സേവിച്ചാൽ കുറച്ചു ദിവസം കൊണ്ട് ശരീരം മുഴുവൻ വ്യാപിച്ച നീരാണെങ്കിലും മാറുമെന്ന് അനുഭവസ്ഥർ വ്യക്തമാക്കുന്നു. കഞ്ഞുണ്ണി വേരിൽ 50 ഗ്രാം കറിയുപ്പ് ചേർത്തരച്ച് പതിവായി സേവിച്ചാൽ 'മൂത്രച്ചൂടിൽ' അസുഖം മാറും.

ബുദ്ധിവർദ്ധന, രോഗപ്രതിരോധശക്തി എന്നിവയ്ക്കുള്ള അംഗീകരിച്ച രസായന ഔഷധം കൂടിയാണ് കഞ്ഞുണ്ണി.

കഞ്ഞുണ്ണിവേര് കഷായംവെച്ച് അതിൽ അരിയിട്ട് വേവിച്ച് കഴിച്ചാൽ ഏതുതരം ഒടിവുകളും ചതവുകളും മാറുമെന്ന് നാട്ടറിവുകളിൽ വ്യക്തമാക്കുന്നു.

(തുടരും)

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (8)

ഡോ. മുരളീകൃഷ്ണൻ എം.വി.

## സ്തുതി – 41

*ജൂടേ കപാലശകലാനി കലാനിധിശ്ച*
*ഹസ്തേ സുധാംബു സരളം ഗരളം ഗളേ ച*
*ശക്രാദിഭിശ്ച നമനം ഗമനം ഗവാ ച*
*യസ്യാസ്തു ദുർഗതിഹരഃ സ ഹരഃ സദാ വഃ*

**അർത്ഥം** - ആരുടെ ശിരസ്സിലുള്ള ജടയിലാണോ കപാലശകലങ്ങളും ചന്ദ്രനും ശോഭിക്കുന്നത്, അതുപോലെ ആരുടെ കയ്യിലാണോ അമൃതജലവും ആരുടെ കണ്ഠത്തിലാണോ സരളമായ വിഷവും ശോഭിക്കുന്നത്, അതുപോലെ ആരാണോ ഇന്ദ്രാദിദേവകളാൽ നമസ്കരിക്കപ്പെടുന്നത്, അപ്രകാരം ആരാണോ കാളപ്പുറത്ത് യാത്രചെയ്യുന്നത്, ആ ശിവൻ നിങ്ങളുടെ ദുർഗതികളെ ഇല്ലാതാക്കട്ടെ.

## സ്തുതി – 42

*യസ്യ ക്ഷിതിഃ ശിരസി സൗമനസീവ ശേഷാ*
*ശേഷാഹിരങ്ഗദപദേ സ ചകാസ്തി യസ്യ*
*തസ്യ പ്രഭോരമൃതനിർഝരനിർവിശേഷാ-*
*ശേഷാണി ഹന്തു ദുരിതാനി സരസ്വതീ വഃ*

**അർത്ഥം** - ആരുടെ ശിരസ്സിലാണോ ഭൂമി പുഷ്പമാലക്ക് സമാനമായി ശോഭിക്കുന്നത്, ആ ശേഷനാഗം ഏതൊരു പ്രഭുവിന്റെ കൈകളിലാണോ ശോഭിക്കുന്നത്, ആ സദാശിവന്റെ അമൃതപ്രവാഹത്തിനു തുല്യമായ വാണി (ശരണാഗതർക്ക് അഭയത്തെ പ്രദാനം ചെയ്യുന്ന വാക്കുകൾ) ഞങ്ങളുടെ സമസ്തദുരിതങ്ങളേയും ഹനിക്കട്ടെ.

## സ്തുതി – 43

*ശ്രീമാനകൽപത ന കൽപതരുർയദാപ്ത്യൈ*
*തൃഷ്ണാ രസായനരസായ ന യം സമേത്യ*

*ലഭ്യോ ന യോ ഗഹനയോഗഹവൈഃ സ വോഘ-*
*മപ്രാകൃതോ ഹരകൃതോ ഹരതു പ്രസാദഃ*

**അർത്ഥം** - ശ്രീമാൻ (ലക്ഷ്മി) കൽപവൃക്ഷം ആരെ അനുഗ്രഹിക്കാനാണോ സമർത്ഥനല്ലാത്തത്, അതുപോലെ ആരെ പ്രാപ്തമാക്കിയാലാണോ ഒരു രസായനവും (അസുഖങ്ങളേയും ജരയേയും ഇല്ലാതാക്കുന്ന ഔഷധങ്ങൾ) പാനംചെയ്യുന്നതിന് താത്പര്യം ഇല്ലാതെയാകുന്നത്, അപ്രകാരം ആരുടെ അനുഗ്രഹം ഇല്ലെങ്കിലാണോ അതിദുഷ്ക്കരമായ അഷ്ടാങ്ഗയോഗവും യജ്ഞങ്ങളേയും പ്രാപ്തമാക്കുവാൻ സാധിക്കാത്തത്, ആ ശങ്കരന്റെ ഉത്തമമായ അനുഗ്രഹം ഞങ്ങളുടെ പാപങ്ങളെ ഇല്ലാതാക്കട്ടെ.

## സ്തുതി – 44

*മുക്തിർഹി നാമ പരമഃ പുരുഷാർത്ഥ ഏക-*
*സ്താമന്തരായമവയന്തി യദന്തരജ്ഞാഃ*
*കിം ഭൂയസാ ഭവതു സൈവ സുധാമയൂഖ-*
*ലേഖാശിഖാഭരണഭക്തിരഭങ്ഗുരാ വഃ*

**അർത്ഥം** - നാല് പുരുഷാർത്ഥങ്ങളിലും (ധർമം, അർത്ഥം, കാമം, മോക്ഷം) മുക്തി അല്ലെങ്കിൽ മോക്ഷം ആണ് പരമപുരുഷാർത്ഥമായി കണക്കാക്കുന്നത്. എന്നാൽ ഭക്തിയുടെ സവിശേഷത മനസ്സിലാക്കിയ ഭാവുകരായ ഭക്തജനങ്ങൾ ആ മുഖ്യ പുരുഷാർത്ഥമായ മോക്ഷംപോലും ഭക്തിയെ അപേക്ഷിച്ച് പരമേശ്വരനെ ദർശിക്കുന്നതിന് വിഘ്നമായി കണക്കാക്കുന്നു. അപ്രകാരമുള്ള ചന്ദ്രശേഖരനിലുള്ള അവിച്ഛിന്നമായ ഭക്തി നിങ്ങൾക്ക് പ്രാപ്തമാകട്ടെ.

## സ്തുതി – 45

*സ യത്ര ഗുഹബർഹിണോ ഭവഭുജങ്ഗജിഹ്വാഞ്ചനൈ-*
*ർഗജാസ്യകരകർഷണൈഃ സ ച ഗിരീന്ദ്രകന്യാഹരിഃ*
*സ ചാർകസുതസൈരിഭോ രവിതുരങ്ഗഹേഷാരവൈ-*
*ർമുദം ദധാതി ധാമ തദ്വിശതു ശാംഭവം ധാമ വഃ*

**അർത്ഥം** - എവിടെയാണോ സ്വാമികാർത്തികേയന്റെ വാഹനമായ മയിൽ ശ്രീശങ്കരന്റെ കണ്ഠത്തിലും കൈകളിലും ഭൂഷണമായിരിക്കുന്ന വാസുകി തുടങ്ങിയ സർപ്പങ്ങളുടെ നാക്കുകൊണ്ടുള്ള സ്പർശനത്താൽ അതിശയകരമായ സന്തോഷത്തെപ്രാപ്തമാക്കുന്നത്, അപ്രകാരം എവിടെയാണോ ജഗദംബയായ പാർവ്വതിയുടെ വാഹനമായ സിംഹം ഗണപതിയുടെ തുമ്പിക്കൈയുടെ സംഘർഷണത്താൽ അതിപ്രസന്നമാകുന്നത്, അതുപോലെ

എവിടെയാണോ യമരാജന്റെ വാഹനമായ മഹിഷം സൂര്യവാഹനമായ കുതിരകളുടെ കുളമ്പടിശബ്ദത്താൽ അതീവ സന്തോഷത്തെ പ്രാപ്തമാക്കുന്നത്, ആ ശ്രീശങ്കരന്റെ വാസസ്ഥലം നിങ്ങൾക്ക് വെളിച്ചത്തെ കാണിക്കട്ടെ.

## സ്തുതി – 46

*യസ്മിഞ്ജാതസ്ത്രിഭുവനജയീ ഭഗ്നകാമഃ സ കാമോ*
*യസ്മിംല്ലേഭേ ശലഭലഘുതാം പ്രാപ്തകാലഃ സ കാലഃ*
*യസ്യൗഘോ ന പ്രഭവതി മഹോനിഹ്നവേ ജാഹ്നവീയഃ*
*ശ്രേയഃ പ്രേയഃ പ്രഥയതു സ വഃ ശാംഭവോ ദൃക്ത്രിഭാഗഃ*

**അർത്ഥം** - ആരാലാണോ ആ ത്രിഭുവനവിജയിയായ കാമദേവൻപോലും ഭഗ്നകാമനായിത്തീർന്നത്, അതുപോലെ ആരാലാണോ യമരാജൻ സ്വന്തം അന്ത്യസമയത്തെ പ്രാപിച്ചുകൊണ്ട് പട്ടത്തിനു സമാനമായി നിസ്തേജനായിതീർന്നത്, അപ്രകാരം ആരുടെ തേജസ്സിനെ ഇല്ലാതാക്കുന്നതിനാണോ ഗംഗയുടെ പ്രവാഹത്തിനുപോലും സാധിക്കാത്തത്, ആ ശ്രീശങ്കരന്റെ നേത്രങ്ങളിൽ അഗ്നി ആധാരമായ മൂന്നാംകണ്ണ് നിങ്ങൾക്ക് ലൌകികമായ സുഖത്തേയും മോക്ഷത്തേയും പ്രദാനംചെയ്യട്ടെ.

## സ്തുതി – 47

*യഃ ക്രോധാഗ്നേഃ സമധിമകരോദ്ദർപകം ദർപകന്ദ-*
*ഞ്ഛേദാഭിജ്ഞം വ്യഥിത ജഗതാം യഃ കൃതാന്തം കൃതാന്തം*
*നേതും യശ്ച പ്രഭവതി മതിഹ്രാസമസ്തം സമസ്തം*
*നിഷ്പ്രത്യൂഹം പ്രഥയതു പഥി ത്രാസദേ വഃ സ ദേവഃ*

**അർത്ഥം** - ആരാണോ കാമദേവനെ സ്വന്തം ക്രോധരൂപിയായ അഗ്നിക്ക് വിറകാക്കി മാറ്റിയത് (അതായത് ക്രോധാഗ്നിയിൽ ഭസ്മമാക്കിയത്), ആരാണോ സമസ്തലോകത്തിനും നാശത്തിനെ പ്രദാനംചെയ്യുന്ന യമരാജന്റെ അഹങ്കാരത്തെ നശിപ്പിച്ചത്, അപ്രകാരം ബുദ്ധിമാന്മാരായ ജനങ്ങളുടെ ബുദ്ധിശോഷണത്തെ (അതായത് ജഗത്തും സദാശിവനും ഭിന്നമാണെന്നുള്ള ദ്വൈതബുദ്ധിയെ) കളഞ്ഞ് അദ്വൈതജ്ഞാനത്തെ പ്രദാനംചെയ്യുന്നത്, ആ സ്വയംപ്രകാശമായ പരമേശ്വരൻ ഈ ലോകത്തിലുള്ള സിംഹം തുടങ്ങിയ ദുഷ്ടജന്തുക്കളിലുള്ള ഭയത്തോടുകൂടിയതും അതുപോലെ പരലോകത്തിലുള്ള യമരാജന്റെ ദൂതന്മാരോടുള്ള ഭയത്തോടുകൂടിയതുമായ മാർഗത്തിൽ നിങ്ങളുടെ വിഘ്നങ്ങളെ നിവാരണം ചെയ്യട്ടെ.

## സ്തുതി – 48

*പായാദ്വസ്ത്രിജഗദ്ഗുരുഃ സ്മരഹരഃ സോപഗ്രഹാണാം ശിരഃ-*
*ശ്യാമാകാമുകമത്സരേണ ചരണൗ പങ്ക്തിർഗ്രഹാണാമിവ-*
*യസ്യ പ്രഹ്വസുരാസുരേശ്വരശിരോമന്ദാരമാലാഗള-*
*ത്കിഞ്ജൽക്കോത്കരപിഞ്ജരോന്മുഖനഖശ്രേണീനിഭേനാശ്രിതാ*

**അർത്ഥം** - ആരുടെ മസ്തകത്തിലിരിക്കുന്ന ചന്ദ്രനോടുള്ള അസൂയകൊണ്ടാണോ രാഹു, കേതു, ധ്രുവൻ, അഗസ്ത്യൻ എന്നീ നാല് ഉപഗ്രഹങ്ങളും ചന്ദ്രനെ ഒഴിവാക്കി ബാക്കിയുള്ള ആറ് ഗ്രഹങ്ങളും സംഘടിച്ച്, ഭക്തിയാൽ കുനിഞ്ഞ സമസ്ത ദേവതകളുടേയും ശിരസ്സിൽ ശോഭിക്കുന്ന മന്ദാരപുഷ്പമാലയിൽനിന്നും കൊഞ്ഞുവീണ ഇതൾ ആയി പത്ത് നഖശ്രേണിയെന്നപോലെ ആരുടെ ചരണത്തേയാണോ ആശ്രയിക്കുന്നത്, മൂന്നു ലോകങ്ങളുടേയും ജഗദ്ഗുരുവായ ആ പരമേശ്വരൻ നിങ്ങളെ രക്ഷിക്കട്ടെ.

## സ്തുതി – 49

*അർക്കേന്ദുഭൗമബുധവാക്പതികാവ്യമന്ദാ*
*മന്ദാരകുന്ദകുമുദൈര്യമുദർചയന്തി*
*തസ്യ പ്രഭോരഘമലോഷ്മശമാദമന്ദാ*
*മന്ദാകിനീവ മുദമർപയതു സ്തുതിർവഃ*

**അർത്ഥം** - സൂര്യൻ, ചന്ദ്രൻ, മംഗളൻ, ബുധൻ, ബൃഹസ്പതി, ശുക്രൻ, ശനി ഈ ഏഴ് ഗ്രഹങ്ങൾ മന്ദാരം, കുന്ദം, കുമുദം എന്നീ പുഷ്പങ്ങൾകൊണ്ട് ശരിയായ പ്രകാരം ആരെയാണോ പൂജിക്കുന്നത്, ആ സർവസമർത്ഥനായ ഭഗവാൻ ശങ്കരന്റെ ദിവ്യമായ മനോഹരങ്ങളായ സ്തുതികൾ മന്ദാകിനിയുടെ ഒഴുക്കിനേപ്പോലെ നിങ്ങളുടെ മനസ്സ്, വാക്ക്, ശരീരം എന്നിവകളിൽ ഉത്പന്നമായ മലങ്ങളെ (പാപങ്ങളെ) ഒഴുക്കിക്കളഞ്ഞ് നിങ്ങൾക്ക് സന്തോഷത്തെ പ്രദാനംചെയ്യട്ടെ.

## സ്തുതി – 50

*ഭസ്മോദ്ധൂളിതമൂർത്തിരിന്ദുധവളജ്യോതീരസോർവീധര-*
*സ്കന്ധാസക്തതുഷാരഗൗരവൃഷഭാരൂഢോസ്തു ഭദ്രായ വഃ*
*ദേവോ ദുഗ്ധമഹാബ്ധിമധ്യവികസത്സത്പുണ്ഡരീകോപരി-*
*ക്രീഡദ്ബാലമരാളനിർമലരുചിഃ കാത്യായനീകാമുകഃ*

**അർത്ഥം** - ഭസ്മത്താൽ ഉജ്ജ്വലമായതും, ചന്ദ്രനുസമാനമായി വെളുത്ത് സ്ഫടികമയമായതും, കൈലാസശിഖരത്തിൽ സ്ഥിതിചെയ്യുന്ന മഞ്ഞിനുസമാനമായ വെളുത്ത കാളപ്പുറത്ത് ഇരിക്കുന്നതും, അപ്രകാരം അതിവിശാല

മായ ക്ഷീരസമുദ്രത്തിൽ വിരിഞ്ഞ വെളുത്ത താമരയുടെ മുകളിൽ കളിക്കുന്ന ബാലഹംസത്തിനു സമാനമായി അതിനിർമലകാന്തിയായ സ്വയംപ്രകാശ മായ പാർവ്വതീവല്ലഭൻ നിങ്ങൾക്ക് ഐശ്വര്യത്തെ പ്രദാനംചെയ്യട്ടെ.

## സ്തുതി – 51

*ത്രാതാ ഭീതിഭൃതാം പതിശ്ചിദചിതാം ക്ലേശ സതാം ശംസതാം*
*ഹന്താ ഭക്തിമതാം മതാം സ്വസമതാം കർതാപകർതാസതാം*
*ദേവഃ സേവകഭുക്തിമുക്തിഘടനാദ്ഭൂർഭൂർഭുവഃസ്വസ്ത്രയീ*
*നിർമാണസ്ഥിതിസംഹൃതിപ്രകടിതക്രീഡോ മൃഡഃ പാതു വഃ*

**അർത്ഥം** – സംസാരരൂപിയായ ഭയങ്കരങ്ങളായ രോഗങ്ങളാൽ ബുദ്ധി മുട്ടുന്നവർക്ക് രക്ഷകനായും, സമസ്തങ്ങളായ ചേതനവും അചേതനവുമായതി ന് സ്വാമിയായും, ഈശ്വരനൊപ്പം അഭേദബുദ്ധിയെ പ്രദാനംചെയ്യുന്ന സ്തുതി പാരായണത്താൽ സജ്ജനങ്ങളുടെ മായാസംബന്ധിയായ ആവരണ ത്താൽ ഉത്പന്നമായ ക്ലേശത്തെ നശിപ്പിക്കുന്നവനും, അപ്രകാരം ഭക്തിയു ക്തരായ പുണ്യവാന്മാരായ ജനങ്ങൾക്ക് മുക്തിയെ പ്രദാനം ചെയ്യുന്നവനും, ദുഷ്ടജനങ്ങളെ നശിപ്പിക്കുന്നവനും, ഭക്തിയാൽ കുനിഞ്ഞ ലോകർക്ക് ഭുക്തി യേയും മുക്തിയേയും പ്രദാനംചെയ്യുന്നവനും, ഭൂലോകം, ഭുവർലോകം, സ്വർഗം എന്നീ ലോകങ്ങളിൽ സൃഷ്ടി, സ്ഥിതി, സംഹാരം എന്നീ ക്രീഡകളെ ചെയ്യുന്ന വനും, സമസ്തജഗത്തിനും സുഖത്തെ പ്രദാനംചെയ്യുന്നവനും സ്വയംപ്രകാശ വുമായ ഭഗവാൻ സദാശിവൻ നിങ്ങളെ ദുഃഖത്തിൽനിന്നും രക്ഷിക്കട്ടെ.

## സ്തുതി – 52

*കൃഷ്ണേന ത്രിജഗത്പ്രസിദ്ധവിജയപ്രഖ്യാതിനാ ലോചനം*
*ഭക്ത്യാ വാസവസൂനുനാ കൃതവതാ പാദാബ്ജപൂജാവിധൗ*
*യസ്മാദാപ്തസുദർശനേന നിഖിലം വിശ്വം വിധേയീകൃതം*
*കൃഷ്ണേനേവ സ ധൂർജടിർഘടയതു ശ്രേയാംസി ഭൂയാംസി നഃ*

**അർത്ഥം** – എപ്രകാരമാണോ ശങ്കരന്റെ ചരണകമലങ്ങളോടുള്ള ഉത്തമഭക്തികൊണ്ട് സ്വന്തം നേത്രങ്ങളെ അർപ്പിച്ച്, അതുകൊണ്ടുതന്നെ മൂ ന്നുലോകങ്ങളിലും പ്രസിദ്ധമായ ഭഗവാൻ ശ്രീകൃഷ്ണൻ ആരിൽനിന്നാണോ സുദർശനചക്രത്തെ പ്രാപ്തമാക്കിയതും, മൂന്നുലോകങ്ങളേയും സ്വന്തം വശത്ത ക്കിയതും അപ്രകാരം ശ്രീശങ്കരന്റെ ചരണകമലങ്ങളോടുള്ള അതിഗാഢഭ ക്തികൊണ്ട് നിത്യചിന്തനത്താൽ മൂന്നുലോകങ്ങളിലും പ്രസിദ്ധമായ വിജ യൻ എന്ന നാമത്തിൽ പ്രസിദ്ധമായ ഇന്ദ്രപുത്രനായ അർജ്ജുനൻ ആരിൽനി ന്നാണോ സുദർശനം പ്രാപ്തമാക്കി സമസ്തലോകത്തേയും സ്വന്തംവശത്താ

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT TRIMONTHLY

FORM I

# SHAAMBHAVI

See Rule 3

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of publication | : | Quarterly |
| 3. Printer's Name | : | K.P. Sreedharan Namboothiri |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 4. Publisher's Name | : | K.P. Sreedharan Namboothiri |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Editor's Name | : | D. Prakash |
| Nationality | : | Indian |
| Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Owner's Name | : | Shripuram Publications |
| Address | : | Shripuram Trust<br>(Reg. No. 201/IV/2005)<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 6. Printed at | : | Mama Printers,<br>Nada, Irinjalakuda<br>Thrissur. |

I, K.P. Sreedharan Nambuthiri, hereby declare that the particulars given above are true to the best of my knowledge and belief.

Irinjalakuda
14/02/2012

**K.P. SREEDHARAN NAMBOOTHIRI**
**PUBLISHER**

ക്കിയത്, ആ ഗംഗാധരനായ ശിവൻ ഞങ്ങൾക്ക് മംഗളത്തെ പ്രദാനം ചെയ്യട്ടെ.

(തുടരും)

# പര്യന്തപഞ്ചാശിക

ഡോ. അജിതൻ പി.ഐ.

പര്യന്തപഞ്ചാശിക എന്ന ഗ്രന്ഥം ആദ്യമായി കണ്ടെത്തുന്നത് ഡോ. വി. രാഘവനാണ്. അദ്ദേഹം ഈ ഗ്രന്ഥം മദ്രാസ് ഗവർമന്റ് ഓറിയന്റൽ മാന്യസ്ക്രിപ്റ്റ് ലൈബ്രറിയിൽ നിന്നും തൃപ്പൂണിത്തുറ സംസകൃതകോളേജിൽനിന്നുമൊക്കെയാണ് കണ്ടെത്തുന്നത്. പര്യന്തപഞ്ചാശിക അഭിനവഗുപ്തപാദരാൽ എഴുതപ്പെട്ടതാണെന്നുള്ള ഒരു നിഗമനത്തിൽ അദ്ദേഹം എത്തിച്ചേരുന്നത് മദ്രാസിൽനിന്നും കണ്ടെടുത്ത മധുരാജയോഗിയാൽ എഴുതപ്പെട്ട ഗുരുനാഥപരാമർശം എന്ന ഗ്രന്ഥത്തിലടങ്ങിയ ചില സൂചനകളിൽ നിന്നുമാണ്. ആ ശ്ലോകം ഇങ്ങനെയാണ് :

പര്യന്തസംപദുപപാദനകല്പവല്ലീ പഞ്ചാശികാ പരമകാരുണികേന യേന
പ്രോക്താ നിജാദ്വയനയേ ജനതാം നിയോക്തും തസ്മൈ നമോഭിനവഗുപ്ത
-ഗുരുത്തമായ

(**സാമാന്യാർത്ഥം** - പര്യന്തപഞ്ചാശികയെന്ന ഗ്രന്ഥം ഏതൊരാളാലാണോ തന്റേതായിട്ടുള്ള ശിവാദ്വയവാദത്തിലേക്ക് ആളുകളെ കൊണ്ടുവരാൻ വേണ്ടി പറയപ്പെട്ടത് അങ്ങനെയുള്ള ഗുരുത്തമനായ അഭിനവഗുപ്തന് നമസ്കാരം). ഇത് കൂടാതെ മഹാർത്ഥമഞ്ജരീകർത്താവായ മഹേശ്വരാനന്ദൻ തന്റെ വ്യാഖ്യാനത്തിൽ ചിലയിടങ്ങളിൽ പര്യന്തപഞ്ചാശികയിൽ ഇങ്ങനെ പറഞ്ഞുകാണുന്നു എന്നു സൂചിപ്പിച്ചുകൊണ്ട് അതിൽനിന്നും ശ്ലോകങ്ങൾ ഉദ്ധരിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെയും അടിസ്ഥാനത്തിലാണ് പര്യന്തപഞ്ചാശിക എന്നാണ് ഈ ഗ്രന്ഥത്തിന്റെ പേരെന്നുള്ള തീർപ്പിലേക്ക് വി. രാഘവൻ എത്തിച്ചേരുന്നത്.

പര്യന്തപഞ്ചാശിക മുഴുവനായും വി. രാഘവൻ തന്റെ കൃതിയായ Abhinavagupta and His Works (Chaukhamba Orientalia, Varanasi, 1980) തിരുത്തുകളോടെ പ്രകാശനം ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തി

ലാണ് അൻപത്തിരണ്ട് ശ്ലോകങ്ങളടങ്ങിയ ഈ ഗ്രന്ഥത്തെ ഇവിടെ പരിചയപ്പെടുത്താൻ പോകുന്നത്.

### ശ്ലോകം ഒന്ന്

*ആദ്യന്താന്തർഗ്ഗതാനന്തശക്തിവിശ്രാന്തിനിർഭരാം*
*അനുച്ചാര്യാമഹം വന്ദേ വാചമധീയേ ഹൃദയം വിഭോഃ*

**അർത്ഥം** - ആദ്യന്തർഗ്ഗതമായ അനന്തശക്തികളുടെ വിശ്രാന്തിയാൽ പൂർണ്ണമായതും ഉച്ചരിക്കാൻ സാധിക്കാത്തതും ശിവന്റെ ഹൃദയവുമായ വാക്കിനെ ഞാൻ നമസ്കരിക്കുന്നു.

**ഭാവാർത്ഥം** - ആദ്യന്തർഗ്ഗതം എന്നാൽ വർണ്ണമാലയിലെ ആദ്യാക്ഷരത്തിന്റേയും അന്ത്യാക്ഷരത്തിന്റേയും ഇടയിലുള്ളത് എന്നർത്ഥം. അതാണ് അഹം. അതുതന്നെയാണ് വിമർശം. ഈ വിമർശം തന്നെയാണ് ചിത്, ചൈതന്യം, പരാവാക്ക്, സ്വാതന്ത്ര്യം, ഐശ്വര്യം, കർത്തൃത്വം, സ്ഫുരത്താസാരം, ഹൃദയം, സ്പന്ദം എന്നീ പേരുകളിൽ അറിയപ്പെടുന്നത്. ഇവിടെ പരാവാക് എന്ന അർത്ഥത്തിലാണ് അനുച്ചാര്യം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. പരാവാക്കുതന്നെയാണ് വിമർശം. വിമർശമാണ് ശക്തി. ആ ശക്തിയുടെ സ്ഫാരമാണ് അഥവാ വികാസരൂപമാണ് മറ്റെല്ലാ ശക്തികളും. ശക്തയോസ്യ ജഗത് കൃസ്നം എന്ന വാക്യമനുസരിച്ച് ശക്തികൾ ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ചിരിക്കുന്നു. ആ ശക്തികളുടേയെല്ലാം വിശ്രാന്തിസ്ഥാനം വിമർശമാണ് അല്ലെങ്കിൽ പരാ, പശ്യന്തീ, മദ്ധ്യമാ, വൈഖരീ എന്നീ വാഗ്ഭേദങ്ങളിൽ ഏറ്റവും പരമമായ പരാവാക്കിലാണ്. ആ പരാവാക്കിനേയാണ് ഈ ശ്ലോകത്തിൽ സ്തുതിക്കുന്നത്. ആ പരാവാക്കാണ് ശിവന്റെ ഹൃദയം.

പരാ എന്നത് ത്രികസംപ്രദായത്തിലെ പ്രധാനദേവതകൂടിയാണ്. പരാദേവിയെ ഗ്രന്ഥാരംഭത്തിൽ സ്തുതിക്കുന്നതായും കാണാവുന്നതാണ്.

### ശ്ലോകം രണ്ട്

*സ ഏവ ഭൈരവോ ദേവസ്സർവ്വേ ദേവാശ്ച യന്മയാഃ*
*സൈവാസൗ ഭൈരവീ സത്താ അസത്താപി ച യന്മയീ*

**അർത്ഥം** - ആ ശിവൻ തന്നെ ആണ് ഭൈരവൻ. എല്ലാ ദേവന്മാരും ഭൈരവമയന്മാരാണ്. ആ അവൻ തന്നെയാണ് ഭൈരവീസത്താ. അസത്തായതും അവൻ തന്നെ.

### ശ്ലോകം മൂന്ന്

*തദേവ ഭൈരവം ജ്ഞാനമജ്ഞാനമപി യന്മയം*

*സ ഹി ഭൈരവസിദ്ധാന്തഃ പൂർപക്ഷോപി യന്മയഃ*

**അർത്ഥം** - അതുതന്നെയാണ് ഭൈരവജ്ഞാനം. അജ്ഞാനവും ഭൈരവമയമാണ്. ഇതാണ് ഭൈരവസിദ്ധാന്തം. ഈ സിദ്ധാന്തത്തിലെ പൂർവ്വപക്ഷവും ഭൈരവമയമാണ്.

**ഭാവാർത്ഥം** - സാധാരണ പൂർവ്വപക്ഷവും സിദ്ധാന്തപക്ഷവും രണ്ടും രണ്ടാണ്. എന്നാൽ ഇവിടെ പറയുന്നത് രണ്ടും ഭൈരവമയമാണെന്നാണ്. അതായത് ഭൈരവമയമല്ലാത്ത ഒരാശയവും ഇല്ല എന്നർത്ഥം.

## ശ്ലോകം നാല്

*ഐകദ്ധ്യമദ്ധ്വനാം ഷണ്ണാം യത്ര സാ ഭൈരവീസ്ഥിതിഃ*
*പര്യന്തേ സർവ്വതന്ത്രാണാമവാച്യാ പരാമാ ഗതിഃ*

**അർത്ഥം** - ഷഡദ്ധ്വങ്ങളും ഏതൊന്നിലാണോ ആത്യന്തികമായി കുടികൊള്ളുന്നത് ആ ഭൈരവാവസ്ഥയെന്നത് പരമമായതും അവാച്യവുമായതുമാണ്.

**ഭാവാർത്ഥം** - കല, തത്വം, ഭുവനം, വർണ്ണം, പദം, മന്ത്രം എന്നിവയാണ് ഷഡദ്ധ്വങ്ങൾ. ഷഡദ്ധ്വങ്ങളിലും അനുസ്യൂതമായി തുടർച്ചയായി കുടികൊള്ളുന്നത് ഭൈരവന്റെ ശക്തിതന്നെയാണ്.

## ശ്ലോകം അഞ്ച്

*സാ ചിദാനന്ദമാത്രാത്മമഗേച്ഛാജ്ഞാനസത്ക്രിയാ*
*ഹൃദയം ദേവദേവസ്യ ഭൈരവസ്യാവിഭാഗഭൃഃ*

**അർത്ഥം** - ആ ശക്തിതന്നെയാണ് ചിത്, ആനന്ദം, ഇച്ഛാ, ജ്ഞാന, ക്രിയകൾ ആയിത്തീരുന്നത്. ആ ശക്തിതന്നെയാണ് ഭൈരവഹൃദയം എന്നറിയപ്പെടുന്ന ഭൈരവനിൽ നിന്നും അഭിന്നയായ ശക്തി.

## ശ്ലോകം ആറ്

*ചിത്സ്വാഭാവ്യാദസൌ ദേവഃ സ്വത്മനാ വിമൃശൻ പ്രഭുഃ*
*അനാശ്രിതാദിഭൂമ്യന്താ ഭൂമികാഃ പ്രതിപദ്യതേ*

**അർത്ഥം** - ചിത് സ്വഭാവത്തോട് കൂടിയതായ ഭൈരവൻ എപ്പഴാണോ സ്വപരാമർശം നടത്തുന്നത് അപ്പോൾ അനാശ്രിതൻ തുടങ്ങി ഭൂമിവരെയുള്ള സൃഷ്ടികളുണ്ടാകുന്നു.

**ഭാവാർത്ഥം** - ചിത് എന്നത് ഭൈരവന്റെ സ്വഭാവമാണ്. ചിത് എന്നാൽ ബോധം. ബോധത്തിന്റെ സ്വഭാവം അതിന് അതിനെക്കുറിച്ചും ബോധവാനാ

കാൻ പറ്റുമെന്നുള്ളതാണ്. അതിനെയാണ് പരാമർശം എന്നുപറയുന്നത്. ആ ബോധത്തെയാണ് ഇവിടെ ഭൈരവൻ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. സൃഷ്ടിയുണ്ടാവുന്നത് സ്വാത്മപരാമർശം നടത്തുമ്പോഴാണ്.

ഭൈരവന്റെ സ്വാത്മപരാമർശത്താലാണ് അനാശ്രിതശിവൻ തുടങ്ങി പൃഥിവിവരെയുള്ള തത്വങ്ങളുണ്ടാകുന്നത് അതായത് മുപ്പത്തിയാറ് തത്വങ്ങളുണ്ടാകുന്നത്. മുപ്പത്തിയാറ് തത്വങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ പ്രപഞ്ചം.

## ശ്ലോകം ഏഴ്

***തത്ര വാചകവാച്യാത്മസ്പന്ദയോരേകശഃ പ്രഭോഃ***
***സ്ഥൂലസൂക്ഷ്മഭരാഭാസക്രമയോഃ ഷഡ്വിധാദ്ധ്വതാ***

**അർത്ഥം** - ആ ഭൈരവൻ തന്നെയാണ് വാച്യവാചകസ്പന്ദങ്ങളായിത്തീരുന്നത്. അതാണ് ഷഡദ്ധ്വം. അവതന്നെ ക്രമത്തിൽ പര,സ്ഥൂല, സൂക്ഷ്മങ്ങളായി വീണ്ടും വിഭജിക്കപ്പെട്ടിരിക്കുന്നു.

**ഭാവാർത്ഥം** - വാച്യവാചകങ്ങളാണ് ശിവശക്തികൾ. അതായത് ശിവൻ വാച്യം. വാച്യമെന്നാൽ അർത്ഥമെന്നർത്ഥം. ശക്തിയാണ് വാചകം. വാചകമെന്നാൽ ശബ്ദമെന്നർത്ഥം. ഈ ശിവശക്തികളാണ് അല്ലെങ്കിൽ വാച്യവാചകങ്ങളാണ് ഷഡദ്ധ്വങ്ങളായിത്തീരുന്നത്. ഷഡദ്ധ്വങ്ങളിൽ കല, തത്വം, ഭുവനം ഇവയാണ് വാച്യം അഥവാ ശിവസ്പന്ദങ്ങൾ. വർണ്ണം, പദം, മന്ത്രം ഇവയാണ് വാചകങ്ങൾ അഥവാ ശക്തിസ്പന്ദങ്ങൾ. കല, തത്വം, ഭുവനം, വർണ്ണം, പദം, മന്ത്രം എന്നിവ വീണ്ടും പരം, സൂക്ഷ്മം, സ്ഥൂലം എന്നിങ്ങനെ വീണ്ടും മൂന്നായി തിരിയുന്നു.

## ശ്ലോകം എട്ട്

***ക്രമോ യോ ദേശകാലാത്മാഭേദപ്രാണസ്സസംവിദാം***
***വിച്ഛേദാദേഷ വിജ്ഞാതുർവിചിത്രാഭസതാ സ്ഥിതാ***

**അർത്ഥം** - ദേശം, കാലം എന്ന ക്രമം ഷഡദ്ധ്വങ്ങൾക്ക് വരാൻ കാരണം വിജ്ഞാതാവിന്റെ അതായത് പ്രമാതാവിലുള്ള ഭേദബുദ്ധികാരണമാണ്.

**ഭാവാർത്ഥം** - ഷഡദ്ധ്വങ്ങളിൽ കല, തത്വം, ഭുവനം എന്നിവയാണ് ദേശാദ്ധ്വം. വർണ്ണം, പദം, മന്ത്രം എന്നിവയാണ് കാലാദ്ധ്വം. ഇപ്രകാരം ഷഡദ്ധ്വത്തെ ദേശാദ്ധ്വം എന്നും കാലാദ്ധ്വം എന്നും രണ്ടായി തിരിച്ചിരിക്കുന്നു. ശിവന്റെ തന്നെ സ്വരൂപവൈചിത്ര്യമാണ് ദേശവും കാലവും. അഭിനവഗുപ്തപാദർ ഈശ്വരപ്രത്യഭിജ്ഞ വിമർശിനിയിൽ പറയുന്നത് സ്വരൂപവൈചിത്ര്യമേവ ദേശകാലക്രമഃ എന്നാണ്. അതുപോലെത്തന്നെ വിചിത്രാഭാസം എന്നും

ദേശകാലക്രമത്തെ സൂചിപ്പിച്ച് കാണുന്നുണ്ട്.

## ശ്ലോകം ഒൻപത്

*ഉഭയീ തത്ര വൈ രീതിഃ ശുദ്ധാശുദ്ധാത്മഭേദതഃ*
*ശുദ്ധിർ ബഹിഷ്കൃതാർത്ഥാനാം സ്വാഹന്തായാം നിമജ്ജനം*

**അർത്ഥം** – അദ്ധ്വങ്ങൾ ശുദ്ധാശുദ്ധക്രമത്തിൽ രണ്ടുതരത്തിലുണ്ട്. ഇവിടെ ശുദ്ധിയെന്നുദ്ദേശിക്കുന്നത് ബാഹ്യവസ്തുക്കളുടെ സ്വാഹന്തയിലുള്ള നിമജ്ജനത്തെയാണ്.

**ഭാവാർത്ഥം** – ചൈതന്യസ്വരൂപമായ പ്രപഞ്ചത്തെ ചൈതന്യവ്യതിരിക്തമായി കാണുന്നതാണ് അശുദ്ധി. അതായത് ബോധസ്വരൂപമാണ് പ്രപഞ്ചം. പ്രപഞ്ചം എന്റെ തന്നെ ബോധത്തിന്റെ വിസ്താരമാണ്. അങ്ങനെയുള്ള പ്രപഞ്ചത്തെ ഞാനെപ്പോഴാണോ എന്നിൽനിന്നും ഭിന്നമായി കാണുന്നത് അതാണ് അശുദ്ധി. ശുദ്ധിയെന്നാൽ ഇതിന്റെ നേരെ വിപരീതവും. തന്ത്രാലോകത്തിൽ ശുദ്ധ്യശുദ്ധികളെ പറ്റി പറയുന്നത് ഇങ്ങനെയാണ്.

ചിദാത്മകേഷ്വപ്യേതേഷു യാ ബുദ്ധിർവ്യതിരേകിണീ
സൈവാശുദ്ധിഃ പരാ പ്രോക്താ ശുദ്ധിസ്തദ്ധീവിമർശനം (IV. 118)

ശുദ്ധാദ്ധ്വവും അശുദ്ധാദ്ധ്വവും തമ്മിലുള്ള വ്യത്യാസം മായാതത്വത്തിന് ശേഷം വരുന്ന തത്വങ്ങളാണ് ശുദ്ധാദ്ധ്വത്തിൽ അടങ്ങിയിട്ടുള്ളത്. മായാതത്വത്തിന് മുകളിലുള്ള തത്വങ്ങൾ അടങ്ങിയതാണ് ശുദ്ധാദ്ധ്വം.

## ശ്ലോകം പത്ത്

*അശുദ്ധിരപി മഗ്നാനാം നൈവം ഹൃദയവിശ്രമഃ*
*അത്രാന്തരേപ്യനന്താസ്യുഃ സ്ഥിതയസ്താരതമ്യതഃ*

**അർത്ഥം** – അശുദ്ധിയിൽ മുങ്ങിയവർക്ക് ഹൃദയവിശ്രമം അഥവാ സ്വാത്മവിശ്രാന്തി സംഭവിക്കുന്നില്ല. ഈ ശുദ്ധാശുദ്ധാദ്ധ്വങ്ങൾക്കിടയിൽ എല്ലാ ദർശനങ്ങളുടേയും ലക്ഷ്യസ്ഥാനങ്ങൾ അടങ്ങിയിരിക്കുന്നു.

**ഭാവാർത്ഥം** – ഹൃദയവിശ്രാന്തിസംഭവിക്കുന്നത് പ്രപഞ്ചത്തെ തന്നിൽ നിന്ന് അഭേദമായിക്കാണുമ്പോഴാണ്.

ഓരോരോ ദർശനങ്ങളുടേയും ആത്യന്തികലക്ഷ്യവും അവയും ശൈവതത്വങ്ങളും തമ്മിലുള്ള ബന്ധത്തേയും പറ്റി ക്ഷേമരാജൻ പ്രത്യഭിജ്ഞാഹൃദത്തിൽ തദ്ഭൂമികാഃ സർവ്വദർശനസ്ഥിതയഃ എന്ന സൂത്രം വ്യാഖ്യാനിക്കുന്ന സമയത്ത് സൂചിപ്പിക്കുന്നുണ്ട്. അതിങ്ങനെയാണ്.

ചാർവ്വാകന്മാർക്ക് ചൈതന്യവിശിഷ്ടമായ ശരീരമാണ് ആത്മാവ്. ജ്ഞാനസന്താനമാണ് യഥാർത്ഥതത്വമെന്ന് ബൌദ്ധന്മാർ. പ്രാണനാണ്

ആത്മാവെന്ന് ചില വേദാന്തികൾ. സാംഖ്യന്മാർ വിജ്ഞാനാകലന്മാരുടെ അവസ്ഥയിലുള്ളവരാണ്. ബുദ്ധിതത്വത്തിൽ ബൌദ്ധന്മാരും ഗുണതത്വങ്ങളിൽ ജൈനന്മാരും പുരുഷതത്വത്തിൽ വൈദികന്മാരും പ്രകൃതിതത്വത്തിൽ പാഞ്ചരാത്രികരും. ഇങ്ങനെയാണ് മറ്റുദർശനങ്ങളെ ശൈവപ്രപഞ്ചത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## ശ്ലോകം പതിനൊന്ന്

*ഉചിതോചിതമേയാനാം പ്രമാതൃണാം പ്രകാശനേ*
*സാധാരണാന്യഥാഭാവൌ ഭിദ്യതേ മാതൃമേയയോഃ*

**അർത്ഥം** - അതാത് പ്രമാതൃക്കളുടെയും മേയങ്ങളുടേയും പ്രകാശനം സാധാരണം അന്യഥാഭാവം എന്നിങ്ങനെ രണ്ടുതരത്തിലുണ്ട്.

**ഭാവാർത്ഥം** - ഈശ്വരപ്രത്യഭിജ്ഞാകാരികയിൽ സൃഷ്ടി രണ്ടുതരത്തിലുണ്ടെന്ന് പറയുന്നു. പാശവസൃഷ്ടിയും പാരമേശ്വരീസൃഷ്ടിയും. പാശവസൃഷ്ടിയെന്നു പറഞ്ഞാൽ പശുസംബന്ധിയായ സൃഷ്ടി. ഈ സൃഷ്ടിയുടെ പ്രത്യേകത വികല്പങ്ങളാണ് സൃഷ്ടികൾ എന്നതാണ്. വികല്പങ്ങളുടെ പ്രത്യേകത അതിൽ ഭേദം ഉണ്ടെന്നുള്ളതാണ്. അതായത് ഞാനും ഞാൻ സൃഷ്ടിക്കുന്നതിലും തമ്മിൽ ഭേദമുണ്ട്. എന്നാൽ പാരമേശ്വരീസൃഷ്ടിയിൽ സൃഷ്ടിക്കുന്നയാളും സൃഷ്ടിയും തമ്മിൽ ഭേദമില്ല. മാത്രവുമല്ല പാശവീസൃഷ്ടിക്കാധാരം പാരമേശ്വരീ സൃഷ്ടിയാണുതാനും. പാരമേശ്വരീ സൃഷ്ടി രണ്ടുതരത്തിലാണ്. ഒന്ന് സാധാരണം, മറ്റൊന്ന് അന്യാഥാഭാവം. സാധാരണം എന്നുപറഞ്ഞാൽ ഈ പ്രപഞ്ചത്തിൽ കാണുന്നതൊക്കെയും. അന്യഥാഭാവമെന്നാൽ ദ്വിചന്ദ്രാദികൾ. (ഐശ്വരഃ സർഗ്ഗോ ദ്വിധാ സാധാരണശ്ച ഘടാദിഃ, അസാധാരണശ്ച അന്യഥാ ഇതി നിർദ്ദിഷ്ടോ ദ്വിചന്ദ്രാദിഃ, തസ്യ ച സാമാന്യലക്ഷണം സ്പഷ്ടാവഭാസനം നാമ) അതായത് പ്രപഞ്ചത്തിൽ വാസ്തവത്തിൽ ഇല്ലാത്തതും ആശയത്തിൽ മാത്രം ഒതുങ്ങുന്നതുമായ ശശവിഷാണം, ആകാശകുസുമം മുതലായവ. പ്രത്യഭിജ്ഞാദർശനമനുസരിച്ച് ബോധത്തിലുള്ളതിനെല്ലാം വാസ്തവത്തിൽ അസ്തിത്വമുണ്ട്. അങ്ങനെയുള്ള സൃഷ്ടികളെയാണ് അന്യഥാഭാവം എന്ന് ഇവിടെ ഉദ്ദേശിക്കുന്നത്.

## ശ്ലോകം പന്ത്രണ്ട്

*അവികല്പസ്ഫുടാഭാസാ സാ സൃഷ്ടിഃ ശാംഭവീ മതാ*
*അഭേദേനാത്മനിർമ്മാണേ സ്വാത്മൈവ കരണീകൃതഃ*

**അർത്ഥം** - വികല്പരഹിതവും സ്ഫുടവുമായ സൃഷ്ടിയാണ് ശാംഭവീസൃഷ്ടി അല്ലെങ്കിൽ പാരമേശ്വരീസൃഷ്ടി. തന്നിൽ നിന്നും ഭിന്നമല്ലാതെ സൃഷ്ടിക്കുന്നതിന് ശിവന് ഉപകരണം താൻതന്നെയാണ്.

**ഭാവാർത്ഥം** - ശിവനെ സംബന്ധിച്ച് ശിവൻ തന്നെയാണ് പ്രപഞ്ചം. അതാണ് ശിവന്റെ സൃഷ്ടിയുടെ പ്രത്യേകത. ഏതൊരു സൃഷ്ടിക്കും ഉപാദാന കാരണം, നിമിത്തകാരണം എന്നീ കരണങ്ങളൊക്കെ ആവശ്യമാണ്. സൃഷ്ടിക്ക് ഒരു ദ്രവ്യം ആവശ്യമാണ്. അതായത് മൺകുടം നിർമ്മിക്കാൻ മണ്ണ് അനിവാര്യമാണ്. ഇവിടെ മണ്ണാണ് ഉപാദാനകാരണം, കുടം നിർമ്മിക്കുന്നയാളാണ് നിമിത്തകാരണം. ഇപ്രകാരം സൃഷ്ടിക്ക് ഒരുപാട് സാമഗ്രികൾ ആവശ്യമാണ്. എന്നാൽ ശിവന്റെ സൃഷ്ടികാകട്ടെ ഇതൊന്നും ആവശ്യമില്ല. ഉപാദാനകാരണവും, നിമിത്തകാരണവും എല്ലാം താൻതന്നെയാണ്. മാത്രവുമല്ല ശിവൻ താനാകുന്ന കണ്ണാടിയിൽ കാണുന്ന തന്റെ തന്നെ സ്വരൂപമാണ് ഈ പ്രപഞ്ചം എന്നാണ് പ്രത്യഭിജ്ഞാഗ്രന്ഥങ്ങളിൽ കാണുന്നത്. (സ്വേച്ഛയാ സ്വഭിത്തൌ വിശ്വമുന്മീലയതി : പ്രത്യഭിജ്ഞാഹൃദയം-2, നിരുപാദസംഭാരമഭിത്താവേവ തന്വതേ ജഗച്ചിത്രം നമസ്തസ്മൈ കലാശ്ലാഘായ ശൂലിനേഃ സ്തവചിന്താമണി-9, സ്വാത്മാദർശേ സമഗ്രം ഹി യച്ഛക്ത്യാ പ്രതിബിംബിതം : ബോധപഞ്ചദശികാ-4, ചിദാത്മൈവ ഹി ദേവോന്തഃ സ്ഥിതമിച്ഛാവശാത് ബഹിഃ / യോഗീവ നിരുപാദാനമർത്ഥജാതം പ്രകാശയേത് : ഈശ്വരപ്രത്യഭിജ്ഞാകാരികാ 1 : 5 : 7)

## ശ്ലോകം പതിമൂന്ന്

*ക്രിയാജ്ഞാനാത്മചിച്ഛക്തിർഭേദാസൂത്രണജാഗരാത്ക*
*ലാവിദ്യാപദം പ്രാപ്യ ഭേദോദ്ഭേദേ പുനർഭവേത്*

**അർത്ഥം** - ക്രിയാജ്ഞാനശക്തികൾ ഭേദരൂപം കൈവരിക്കുന്നതിന്റെ ഭാഗമായി കലയും വിദ്യയുമായിത്തീരുന്നു.

**ഭാവാർത്ഥം** - ശിവന്റെ ശക്തികളായ ക്രിയാശക്തിയും ജ്ഞാനശകതിയും ആണ് പഞ്ചകഞ്ചുകങ്ങളിലെ കലയും വിദ്യയുമായിത്തീരുന്നത്. ക്രിയാശക്തിയെന്നാൽ ശിവന്റെ എന്തും ചെയ്യാൻ പോന്ന കഴിവാണ്. അതു ചുരുങ്ങിയാണ് ചിലകാര്യങ്ങൾ മാത്രം നിർവഹിക്കാൻപോന്ന കലയായിത്തീരുന്നത്. അതുപോലെ സർവ്വജ്ഞത്വമാണ് വിദ്യാശക്തി. അതു ചുരുങ്ങുമ്പോഴാണ് ചുരുക്കം ചില കാര്യങ്ങൾ മാത്രം അറിയാൻ കെല്പുള്ള വിദ്യാതത്വമായി മാറുന്നത്. തന്ത്രാലോകമനുസരിച്ച് സദാശിവതത്വമാണ് കലാവിദ്യകളായി തീരുന്നത്. (അനാശ്രിതം യതോ മായാ കലാവിദ്യേ സദാശിവഃ/ ഈശ്വരഃ കാലനിയതീ സദ്വിദ്യാ രാഗ ഉച്യതേ : 6: 42)

(തുടരും)

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (16)

(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

ഇദാനീം ഭ്രാന്തേരസദർത്ഥപ്രതിപാദനസാമർത്ഥ്യേന നിദർശനമാഹ.

*28. രജ്ജ്വാം നാസ്തി ഭുജംഗസ്ത്രാസം കുരുതേ ച മൃത്യുപര്യന്തം*
*ഭ്രാന്തേർമ്മഹതീ ശക്തിർന്ന വിവേക്തും ശക്യതേ നാമ.*

**സാരം** - ഇനി ഭ്രാന്തിയുടെ അസദർത്ഥത്തെ (ശരിയല്ലാത്ത വസ്തുക്കളുടെ ജ്ഞാനത്തെ) പ്രകാശിപ്പിക്കാനുള്ള ജ്ഞാനത്തിന്റെ സാമർത്ഥ്യത്തെ പറയുന്നു.

കയറിൽ യഥാർത്ഥത്തിൽ പാമ്പില്ലെങ്കിലും അതുണ്ട് എന്നുള്ള ഭ്രാന്തി മരണംവരെ നില നിൽക്കുന്നു. ഈ ഭ്രാന്തി മഹത്തായ ശക്തിയോട്ടു കൂടിയതാണ്, ഇതിൽനിന്നും മോചനം നേടാൻ എളുപ്പമല്ല തന്നെ.

**വിവൃതി** - ഭ്രാന്തേഃ പൂർണ്ണത്ത്വാഖ്യാതിരൂപായാഃ അതാദ്രൂപ്യപ്രതിഭാസനേ മഹതീ ശക്തിഃഉത്തമം സാമർത്ഥ്യം ന കേനചിദ്വിവേക്തും ശക്യതേ ന കേനചിദ്വിചാരയിതും പാര്യത ഇതി യാവത്. യഥാ വസ്തുവൃത്തേന രജ്ജുഃ പരിദൃശ്യമാനാ ദീർഘത്ത്വകുണ്ഡലിനീരൂപത്ത്വഭ്രമാത് സർപ്പോയമിത്യധ്യവസാതൃണാം രജ്ജുദ്രവ്യേപ്യസദർത്ഥപ്രതിഭാസോയം സർപ്പാധ്യവസായഃ സദർത്ഥപ്രതിഭാസാദ്ഭയം മരണാവസായം വിദധാതി. അനുഭവസിദ്ധമപ്യേതത്സ്ഥാണും ഭൂതമിതി മത്വാ സ്വയം ഭീഷണീയം വാകാരം സമുല്ലിഖ്യ ഭ്രാന്താഃ സന്തോ ഹൃദ്ഭങ്ഗനാശം കേ നാമ ന യാതാ ഇതി വിഭ്രമ ഏവാപൂർണ്ണത്ത്വപ്രഥനേ ഹേതുരിതി.

**പരിഭാഷ** - പൂർണ്ണത്ത്വത്തോട്ടു കൂടിയുള്ളതിന്റെ സ്വരൂപത്തോട്ടു കൂടിയല്ലാത്ത (യഥാർത്ഥമല്ലാത്ത) ജ്ഞാനത്തിന് (മായാശക്തിക്ക്) മഹത്തായ ശക്തിയുള്ളതിനാലും ഉത്തമമായ സാമർത്ഥ്യം ഉള്ളതിനാലും അതിനെ വിവേചിച്ചറിയാനോ വിചാരണകൊണ്ട് മനസ്സിലാക്കാനോ സാദ്ധ്യമല്ല. വാസ്തവത്തിലുള്ള കയർ വ്യക്തമായി കാണാൻ സാധിക്കാഞ്ഞിട്ടുകൂടി നീളം കൊണ്ടും ചുറ്റിപ്പിണഞ്ഞു കിടക്കുന്നതുകൊണ്ടും ഉണ്ടാകുന്ന പാമ്പെന്ന തെറ്റിദ്ധാരണ മരണം വരെ ഇല്ലാതാകുന്നില്ല. ഒരു തൂണിനെ ഭൂതമാണെന്നു വിചാ

രിച്ച് സ്വയം ഭീകരമായ ഒരു ആകാരം സങ്കല്പിച്ച് ഭ്രാന്തിക്കു വിധേയരായി ഹൃദയസ്തംഭനം മൂലം മരിച്ചുപോകുന്ന ജനങ്ങളുണ്ട്. ഈ വിഭ്രമം തന്നെയാണ് അപൂർണ്ണജ്ഞാനത്തിന് ഹേതു.

ഏതത്പ്രകൃതേ സമർത്ഥയതേ

*29. തദ്വദ്ധർമ്മാധർമ്മസ്വർനിരയോത്പത്തിമരണസുഖദുഃഖം.*
*വർണ്ണാശ്രമാദി ചാത്മന്യസദപി വിഭ്രമബലാദ്ഭവതി.*

**സാരം** - ഇക്കാര്യം ഇവിടെ സമർത്ഥിക്കുന്നു.

അപ്രകാരം തന്നെ ധർമ്മം-അധർമ്മം, സ്വർഗ്ഗം-നരകം, ജനനം -മരണം, സുഖം-ദുഃഖം എന്നിവയും വർണ്ണാശ്രമങ്ങളും സത്യമല്ലാത്തതാണെങ്കിൽക്കൂടി ഈ ഭ്രമത്തിന്റെ ബലംകൊണ്ട് സത്യമായതായി തോന്നുന്നു.

**വിവൃതി** - ഏവം യഥാ രജ്ജുഃ പരമാർത്ഥസതീ ഭ്രാന്ത്യാ സർപ്പതയാ വിമൃഷ്ടാപി സർപ്പഗതാമർത്ഥക്രിയാം കരോതി തഥൈവ ദേഹാത്മമാനിനാം ചേതസി ധർമ്മാദ്യസദപി തത്ത്വതോ അവിദ്യമാനം വിഭ്രമവശാന്മായാമോഹസാമർത്ഥ്യാദേവ ഭവതി ഏതദേവ തത്ത്വമിതി ഭ്രാന്ത്യാ സത്താം ലഭതേ. ധർമ്മഃ അശ്വമേധാദിഃ അധർമ്മഃ ബ്രഹ്മഹനനാദിഃ സ്വഃ നിരതിശയാ പ്രീതിഃ നിരയഃ യാതനാ ഉത്പത്തിഃ ജന്മ മരണം ജന്മാഭാവഃ സുഖം ആഹ്ളാദഃ ദുഃഖം രാജസഃ ക്ഷോഭസ്തഥാ വർണ്ണഃ ബ്രാഹ്മണോസ്മീത്യാദി ആശ്രമഃ ബ്രഹ്മചാരീത്യാദി ആദി ഗ്രഹണാത്തപഃ പൂജാവ്രതാനീതി സർവ്വം കല്പനാമാത്രസാരം വിഭ്രമവിജൃംഭിതമേവ മായാശക്ത്യാ ദേഹാദ്യാത്മതയാഭിമന്യതേ. ഏതത്സർവ്വം ഭ്രാന്തേഃ പ്രഭവതി യയാനവരതസ്വർഗ്ഗനരകജന്മമരണപ്രബന്ധഭാജഃ പശവോ ന പുനഃ പരമാർത്ഥതഃ സ്വാത്മനോനവച്ഛിന്നചിദാനന്ദൈകഘനസ്യ ധർമ്മാധർമ്മാദികം കിഞ്ചിദ്വിദ്യത ഇതി.

**പരിഭാഷ** - ഏതു പ്രകാരമാണോ കയർ സത്യമായ വസ്തുവായിട്ടു കൂടി സർപ്പരൂപത്തിൽ തെറ്റിദ്ധരിക്കപ്പെട്ടാൽ സർപ്പത്തിന്റെ ക്രിയയാകുന്ന ഭയത്തെ ജനിപ്പിക്കുക എന്നതു ചെയ്യുന്നത് അപ്രകാരം തന്നെ ദേഹമാണ് താൻ എന്നഭിമാനിക്കുന്നവർക്ക് ധർമ്മാദികൾ അസത് ആയിട്ടും യഥാർത്ഥത്തിൽ ഇല്ലാത്തതായിട്ടും കൂടി ഭ്രമത്താൽ മോഹനശക്തിയുടെ സാമർത്ഥ്യത്താൽ അതുതന്നെയാണ് സത്യമെന്ന ബോധം ഉണ്ടാകുന്നു. ധർമ്മമെന്നാൽ അശ്വമേധാദി യാഗങ്ങൾ. അധർമ്മമെന്നാൽ ബ്രഹ്മഹത്യാദി. സ്വർഗ്ഗമെന്നാൽ അത്യന്താനന്ദം, നരകമെന്നാൽ യാതന. ഉത്പത്തി എന്നാൽ ജന്മം, മരണമെന്നാൽ ജന്മത്തിന്റെ അഭാവം. സുഖമെന്നാൽ ആഹ്ളാദം ദുഃഖമെന്നാൽ രാജസവിക്ഷോഭം. വർണ്ണമെന്നാൽ താൻ ബ്രാഹ്മണനാകുന്നു എന്നിങ്ങനെയുള്ള ബോധം. ആശ്രമമെന്നാൽ താൻ ബ്രഹ്മചാരിയാകുന്നു എന്നാദിയായുള്ള ബോധം. ആദിശബ്ദത്തിന് തപം പൂജാ,

വ്രതം എന്നിങ്ങനെ അർത്ഥം. ഇവയെല്ലാം കല്പനാമാത്രങ്ങളാണ്. വിഭ്രമത്തിന്റെ ആധിക്യം കൊണ്ട് ദേഹമാണ് താൻ എന്നിങ്ങനെയൊക്കെ അഭിമാനിക്കുന്നു. ഈ ശക്തിമൂലം തന്നെ ആത്മാവ് നിരന്തരം സ്വർഗ്ഗ-നരക, ജനന-മരണങ്ങളെ അനുഭവിക്കുന്നവനായ പശുവായി നിലകൊള്ളുന്നു. യഥാർത്ഥത്തിൽ ചിദാനന്ദൈകഘനനും അനവച്ഛിന്നനുമായ ആത്മാവിൽ ധർമ്മാധർമ്മാദികളൊന്നും നിലനിൽക്കുന്നേ ഇല്ല.

ഏവമസദർത്ഥപ്രതിപാദനേ ഭ്രാന്തേഃ സാമർത്ഥ്യം വിചാര്യ തദുത്പത്തിമാഹ.

*30. ഏതത്തദന്ധകാരം യദ്ഭാവേഷു പ്രകാശമാനതയാ*
*ആത്മാനതിരിക്തേഷ്വപി ഭവത്യനാത്മാഭിമാനോയം.*

**സാരം** - ഇപ്രകാരം തെറ്റായ വസ്തുവിന്റെ ജ്ഞാനത്തിനു കാരണമായ ഭ്രാന്തിയുടെ സാമർത്ഥ്യത്തെ വിവരിച്ചിട്ട് അതിന്റെ ഉത്പത്തിയെക്കുറിച്ചു പറയുന്നു.

വിവിധ ഭാവങ്ങളിൽ പ്രകാശിക്കുന്നതായിട്ടും പരമമായ ആ ആത്മാവിൽ നിന്നും അഭിന്നനായിട്ടും പദാർത്ഥങ്ങളെ ഭിന്നമായി കാണുന്ന അന്ധകാരമാകുന്നു ഈ ഭ്രാന്തി.

**വിവൃതി** - ഏതത്തദന്ധകാരം ഇത്യേഷാ സാ സമനന്തരപ്രതിപാദിതാ വിശ്വമോഹിനീ പൂർണ്ണത്വാഖ്യാതിരൂപാ ഭ്രാന്തിഃ യദ്ഭാവേഷു പ്രമാതൃപ്രമേയരൂപേഷു പ്രകാശമാനതയാ ഇതി.

..നാപ്രാകാശഃ പ്രകാശതേ. ഇതി.

പ്രകാശമാനതയാന്യഥാനുപപത്യാ പ്രകാശശരീരീഭൂതേഷു ആത്മനഃ ചൈതന്യമഹേശ്വരാദപൃഥഗ്ഭൂതേഷു സത്സ്വപി യഃ അയം അതിരേകേണാമീ ഭാവാ ഗ്രാഹ്യാ മത്തോ ഭിന്നാശ്ചേതി അനാത്മാഭിമാനിനഃ വാസ്തവചിദ്രൂപതാപഹസ്തനേന യത്തേഷ്വവാസ്തവം ജഡത്വാപാദനം. അയമാശയോ ഭാവപ്രകാശനേന്യസ്യാപ്രകാശരൂപസ്യ ബാഹ്യവാസനാദേർഹേതോരനുപപദ്യമാനത്വാത്സ്വാത്മപ്രകാശ ഏവ സ്വതന്ത്രോർത്ഥനീലസുഖാദിനാ പ്രകാശതേ അതഃ പ്രമാതൃപ്രമേയരൂപതയാ ചിത്സ്വരൂപോഹമേവ പ്രകാശ ഇതി യദ്വാസ്തവം രൂപം തന്ന പ്രകാശതേ കേവലമേവാവാസ്തവോ ഭേദഃ പ്രഥത ഇതി താത്വികപ്രധാനാഭാവാദ്ഭ്രാന്തേരന്ധകാരേണ രൂപണമിതി.

**പരിഭാഷ** - ഇപ്പോൾ പ്രതിപാദിക്കപ്പെടുന്ന ഈ അന്ധകാരമെന്നു പറയുന്നത് വിശ്വമോഹിനിയായതും, പൂർണ്ണത്ത്വത്തിന്റെ രൂപത്തെ അറിയിക്കാത്തതും, പ്രമാതാവ്, പ്രമേയം എന്നിങ്ങനെ പ്രകാശിക്കപ്പെടുന്നതുമാകുന്നു.

“അപ്രകാശമായതിന് പ്രകാശിക്കാൻ സാധ്യമല്ല”

നിരന്തരം പ്രകാശമാനമായതിന് അതിനുവിപരീതമായി പ്രവർത്തിക്ക

വാൻ സാധിക്കില്ല എന്നുള്ളതുകൊണ്ട് കാണപ്പെടുന്ന ശരീരികളായ വസ്തുക്കളിൽ തങ്ങൾ പരമമായതിൽനിന്നും അഭിന്നമായിരുന്നിട്ടും ചിലത് തങ്ങളുടെ ഭാഗമാണ് ചിലത് ഭിന്നമാണ് എന്ന ബോധംകൊണ്ട് വാസ്തവമായ ചിദ്രൂപമെന്ന ബോധത്തെ മറച്ച് അവാസ്തവമായ ജഡത്ത്വമാക്കിത്തീർക്കുന്നു. വിവിധ വസ്തുക്കളായിത്തീർന്നിരിക്കുന്നവയുടെ വാസനകൾക്ക് ബാഹ്യമായ വേറൊന്നിനെ കാരണമാക്കുന്നത് അനുചിതമാകുന്നു. സ്വാത്മപ്രകാശംതന്നെ സ്വതന്ത്രമായിനിന്നുകൊണ്ട് നീലസുഖാദികളായി നിലകൊള്ളുന്നു. ചിത്സ്വരൂപത്തിന്റെ മോഹനശക്തിതന്നെ പ്രമാതൃപ്രമേയരൂപങ്ങളാൽ കാണപ്പെടുന്നു. യഥാർത്ഥരൂപം അറിയപ്പെടാതെ അയാർത്ഥമായരൂപമാണ് അറിയപ്പെടുന്നത്. താത്ത്വികമായ പ്രകാശത്തിന്റെ അഭാവംകൊണ്ടാണ് ഈ ഭ്രാന്തിയെ അന്ധകാരമാക്കി ഉപമിച്ചിരിക്കുന്നത്.

(തുടരും)

# ലളിതാസഹസ്രനാമം (37)

എൽ. ഗിരീഷ് കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

മഹായോഗേശ്വരേശ്വരീ എന്ന നാമത്തിനുമുമ്പുള്ള നാമങ്ങളെ ദിങ്മാത്രം സൂചിപ്പിയ്ക്കാം. എന്തുകൊണ്ടെന്നാൽ പലതും ആവർത്തിച്ചിട്ടുള്ളതും മറ്റുള്ളവ കൂടുതൽ ചിന്തിക്കേണ്ടതാകയാലും ആണ്.

***മഹാരൂപാ മഹാപൂജ്യാ***
***മഹാപാതകനാശിനീ***
***മഹാമായാ മഹാസത്വാ***
***മഹാശക്തിർമഹാരതിഃ*** *54*

### മഹാരൂപാ

മഹത്തായ രൂപമുള്ളവൾ. വളരെ ശ്രേഷ്ഠമായ രൂപമുള്ളവൾ. ദേവി ദേവകാര്യത്തിനായി ആവിർഭവിച്ചപ്പോൾ തന്റെ ശരീരശോഭയാൽ മൂന്നു ലോകങ്ങളെയും വ്യാപിച്ചുനിന്നു.

### മഹാപൂജ്യാ

മഹത്തുക്കളാൽ പൂജിയ്ക്കപ്പെടുന്നവൾ. ബ്രഹ്മവിഷ്ണുമഹേശ്വരന്മാരായ പൂജ്യ

രാൽപോലും ആരാധിയ്ക്കപ്പെടുന്നവൾ.

### മഹാപാതകനാശിനീ

മഹാപാപങ്ങളെ നശിപ്പിയ്ക്കുന്നവൾ. നിത്യവും ദേവീഭജനം ചെയ്യുന്നവർക്ക് ഒരു ദിവസം അതു മുടങ്ങിയാൽ വിഷമമുണ്ടാകും. അതുപോലെ സ്വധർമ്മത്തിന് വിരുദ്ധമായ കാര്യം ചെയ്താൽ അത് വീണ്ടും വീണ്ടും ചെയ്യാൻ വാസനയുണ്ടാകും. ഇതിനെ നശിപ്പിയ്ക്കാൻ ദേവിയ്ക്ക് മാത്രമേ സാധിയ്ക്കുകയുള്ളൂ. അറിഞ്ഞോ അറിയാതെയോ ചെയ്ത മുഴുവൻ പാപങ്ങളുടെയും പ്രായശ്ചിത്തം ദേവിസ്മരണയാണെന്ന് ശാസ്ത്രഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്.

### മഹാമായാ

മഹത്തായ മായാ. അപരിമിതമായ ഒന്നിനെ പരിമിതപ്പെടുത്തുന്നത് ഏതോ അതാണ് മായാ. ജീവൻ മാതൃഗർഭത്തിൽ ജ്ഞാനിയെങ്കിലും പ്രസവിയ്ക്കപ്പെടുമ്പോൾ അജ്ഞാനിയാകുന്നത് മായയാൽ പരിമിതപ്പെടുന്നതുകൊണ്ടാണ്.

### മഹാസത്വാ

മഹത്തായ ദിവ്യത്ത്വത്തിന് ഉടമയായവൾ. മഹത്തായ സ്വഭാവമുള്ളവൾ. മഹത്തായ ഗുണങ്ങളുള്ളവൾ. മഹത്തായ ഉണ്മ.

### മഹാശക്തിഃ

മഹതിയും ശക്തിയുമായവൾ. മഹത്തായ ശക്തിയുള്ളവൾ. വലിയ ആയുധങ്ങളും സൈന്യബലവും ഉള്ളവൾ.  മുഴുവൻ പ്രപഞ്ചത്തെയും സൃഷ്ടിച്ച് നിലനിർത്തി ലയിപ്പിയ്ക്കുന്നത് വളരെ അനായാസമായിട്ടാണ്. അത് ദേവിയുടെ സാമർത്ഥ്യമാണ്. അതിനാൽ മഹത്തായ സാമർത്ഥ്യമുള്ളവൾ എന്നും ഈ നാമത്തിന് അർത്ഥം.

### മഹാരതിഃ

മഹത്തായ രതിയായവൾ. അതിസുന്ദരി എന്ന്. ഉപാസകർക്ക് സുഖം നൽകുന്നവൾ. അനശ്വരമായ സുഖം നൽകുന്നവളാണ് ഏറ്റവും പ്രിയമായവൾ. അതുകൊണ്ട് ദേവി മഹാരതി.

***മഹാഭോഗാ മഹൈശ്വര്യാ***<br>
***മഹാവീര്യാ മഹാബലാ***<br>
***മഹാബുദ്ധിർമഹാസിദ്ധിഃ***<br>
***മഹായോഗേശ്വരേശ്വരീ*** *55*

**മഹാഭോഗാ**

മഹത്തായ ഭോഗത്തോടുകൂടിയവൾ. ക്ഷണംകൊണ്ട് സകലവസ്തുകളും കരഗതമായവൾ. ബ്രഹ്മാനന്ദസ്വരൂപിണിയായ ദേവിയ്ക്ക് എല്ലാംതന്നെ സുലഭമാണ്. കൂടാതെ വലിയ വിസ്താരമായവൾ. പൃഥിവ്യാദികളിലെല്ലാം വ്യാപിച്ചിരിയ്ക്കുകയാൽ ദേവിയുടെ വലുപ്പം നമുക്ക് ഊഹിയ്ക്കാവതല്ല.

**മഹൈശ്വര്യാ**

മഹത്തായ ഐശ്വര്യമുള്ളവൾ. അണിമാദികളായ സകലസിദ്ധികളും സമ്പൂർണ്ണ ഐശ്വര്യങ്ങളും ഉള്ളവൾ.

**മഹാവീര്യാ**

മഹത്തായ വീര്യമുള്ളവൾ. എല്ലാ തേജസ്സുകളുടെയും തേജസ്സായിട്ടുള്ളവൾ.

**മഹാബലാ**

മഹത്തായ ബലമുള്ളവൾ.

**മഹാബുദ്ധിഃ**

മഹത്തായ ബുദ്ധിയുള്ളവൾ. എല്ലാവരിലും ബുദ്ധിരൂപത്തിൽ ദേവി സ്ഥിതിചെയ്യുന്നു.

**മഹാസിദ്ധിഃ**

മഹത്തായ സിദ്ധികൾ ഉള്ളവൾ. സകലസിദ്ധികളും വേണ്ട സമയത്ത് ഉപാസകന്മാർക്ക് ദേവി നൽകുന്നു.

***മഹാമന്ത്രാ മഹാതന്ത്രാ***
***മഹായന്ത്രാ മഹാസനാ***
***മഹായാഗക്രമാരാധ്യാ***
***മഹാഭൈരവപൂജിതാ*** *56*

**മഹാതന്ത്രാ**

മഹത്തരങ്ങളായ തന്ത്രങ്ങളോടു കൂടിയവൾ. മഹത്തരങ്ങളായ ഫലങ്ങൾ തരുന്ന വിവിധ തന്ത്രങ്ങൾ നൽകിയിരിയ്ക്കുന്നത് ദേവിയാണ്.

**മഹാമന്ത്രാ**

മഹത്തരങ്ങളായ മന്ത്രങ്ങളായിരിയ്ക്കുന്നവൾ. ഉപാസകർ ദേവിയെ പ്രാ

പിയ്ക്കുവാൻ വേണ്ടി ദേവി സ്വയം താരാ, ബാലാ, കാളി തുടങ്ങിയ മന്ത്രങ്ങളായി മാറിയിരിയ്ക്കുന്നു.

### മഹായന്ത്രാ

മഹത്തരങ്ങളായ യന്ത്രങ്ങളായിരിയ്ക്കുന്നവൾ. ഉപാസകർക്ക് അനുകൂലമായി നിയന്ത്രിച്ച് നിർത്തുന്നത് എന്തോ അത് യന്ത്രം. യന്ത്രത്തിന് ചക്രമെന്നും പറയും. പലതരം ചക്രങ്ങളുണ്ട്. അവയിലെല്ലാം ദേവിസാന്നിദ്ധ്യമുണ്ട്. ചക്രരാജൻ ആയിരിക്കുന്ന ശ്രീചക്രം ത്രിപുരസുന്ദരി തന്നെയാണ്.

### മഹാസനാ

മഹത്തായ ആസനങ്ങളോട്ടു കൂടിയവൾ. തത്ത്വങ്ങളെ ആശ്രയിച്ചാണ് ദേവി നിൽക്കുന്നത്. അതുകൊണ്ട് തത്ത്വങ്ങളാകുന്ന ആസനങ്ങളോട്ടു കൂടിയവൾ.

### മഹായാഗക്രമാരാധ്യാ

മഹായാഗക്രമംകൊണ്ട് ആരാധിയ്ക്കപ്പെടുവാൻ യോഗ്യയായവൾ.

### മഹാഭൈരവപൂജിതാ

മഹാഭൈരവനാൽ പൂജിയ്ക്കപ്പെട്ടവൾ.

(തുടരും)

# ഭഗവദ്ഗീതാ - ഒരു പുനർവായന (27)

എൽ. ഗിരീഷ് കുമാർ

(കഴിഞ്ഞ ലക്കം തുടർച്ച)

### അഭിനവഗുപ്തവ്യാഖ്യാനം

***അഹം ഹി നൈവ നാസം അപി തു ആസം.***

ഞാൻ ഇവിടെ ഉണ്ടാകാതെയിരുന്നിട്ടില്ല. അതുകൊണ്ട് ഞാൻ എല്ലായ്പ്പോഴുമുണ്ട്.

***ഏവം ത്വം അമീ ച രാജാനഃ***

ഞാൻ മാത്രമേ അതേപോലെ ഉള്ളൂ എന്ന് ധരിയ്ക്കുണ്ട. ഭഗവാൻ കൃഷ്ണനാണ് ഇപ്പറയുന്നത്. ഭഗവാൻ മാത്രമല്ല ഇന്നലെകളിലും ഇന്നുകളിലും നാളെകളിലും നിലനിൽക്കാൻ പോകുന്നത്. നമ്മൾ ഒരോരുത്തരുമാണ്. അപരിമിതമായ ബോധസ്വരൂപം മാത്രമല്ല കാലത്രയമില്ലാതെ നിൽക്കുന്നത് പരിമിതികളായ ബോധസ്വരൂപികളായ നമ്മളും അങ്ങനെ തന്നെയാണ്. അതുകൊണ്ട് പരിമിതബോധസ്വരൂപികളും അപരിമിതബോധസ്വരൂപി തന്നെയാണ്. വ്യത്യാസമൊന്നുമില്ല. ഇതെല്ലാം ശാശ്വതങ്ങളാണ്. ഇവിടെ ഒന്നും ഇല്ലാതെയാകാൻ പോകുന്നില്ല.

*ആകാരാന്തരേ ച സതി യദി ശോച്യതാ,*
*തർഹി കൗമാരാത് യൗവനാവാപ്തൗ കിമിതി ന ശോച്യതേ.*

രൂപമാറ്റത്തിലാണ് ദുഃഖിയ്ക്കുന്നതെങ്കിൽ എന്തുകൊണ്ടാണ് കൗമാരത്തിലും യൗവ്വനത്തിലും ജരാപ്രാപ്തിയിലുമൊക്കെ ദുഃഖിയ്ക്കാത്തത്. ബാല്യത്തിൽ ഉണ്ടായിരുന്ന ശരീരമല്ലല്ലോ ഇപ്പോഴുള്ളത്. രൂപസാദൃശ്യമുണ്ടെന്ന് മാത്രമേയുള്ളൂ. അഞ്ചാം വയസ്സിലും അമ്പതാം വയസ്സിലും രൂപസാമ്യം മാത്രമേ ഉള്ളൂ. നമ്മളോട് രൂപസാമ്യമുള്ള ആളുകളുടെ ശരീരം ഏതുപോലെ നമ്മളുടേതല്ല അതുപോലെ കൗമാരയൗവ്വനങ്ങളിലുള്ള നമ്മുടെ ശരീരം നമ്മുടേതല്ലെന്ന് തോന്നുന്നില്ലെങ്കിൽ മറ്റുള്ളവരുടെ ശരീരനാശത്തിൽ എന്തിനാണ് ദുഃഖിയ്ക്കുന്നത്. അതിസൂക്ഷ്മമായി നമ്മളെക്കൊണ്ട് ചിന്തിപ്പിയ്ക്കുന്നതാണ് ഇത്. ഈ ശ്രദ്ധ, ബോധം, ചിന്ത ഇവ നമ്മളിൽ മാറ്റം ഉണ്ടാക്കും.

*യോ ധീരഃ, സ ന ശോചതി.*

ഏതൊരാളാണോ ധീരൻ അയാൾ ദുഃഖിയ്ക്കുന്നില്ല. എന്തുവന്നാലും അനങ്ങാപാറപോലെ ഇരിയ്ക്കും എന്നല്ല. ധീരൻ മാറ്റങ്ങളെ അറിയുന്നു. മാറ്റങ്ങളെ നിത്യങ്ങളാണെന്ന് അറിയുന്നു. ആ മാറ്റങ്ങളെ അംഗീകരിയ്ക്കുന്നു. ആ അംഗീകാരം ഉണർത്തുന്ന ഭാവമാണ് ധീരത. അല്ലാതെ എന്തുവേണമെങ്കിലും വന്നോട്ടെ ഞാൻ സഹിച്ചോളാം എന്നതല്ല ധീരത. എന്നാൽ ധിരത അറിവിൽനിന്ന് അഥവാ തിരിച്ചറിവിൽനിന്ന് ഉണ്ടാകുന്നതാണ് .

*ധൈര്യം ച ഏതച്ഛരീരേപി യസ്യാസ്ഥാ നാസ്തി, തേന സുകരം.*

ആർക്കാണ് ഈ ധൈര്യമുണ്ടാവുക. ഈ ശരീരത്തിനോട് ബന്ധമില്ലാത്തവന് അഥവാ ആസക്തിയില്ലത്തവന്. ഞാൻ ഈ ശരീരമാണെന്ന ബോധമില്ലാത്തവനാണ് ഈ ധൈര്യമുണ്ടാവുക. ഞാൻ ഈ ശരീരമാണെന്ന ബോധത്തോടെ ജീവിയ്ക്കുന്നവന് ഈ ധൈര്യമുണ്ടാവില്ല. ഈ ശരീരമില്ലാതെയാൽ ഞാൻ ഇല്ലാതെയാകും എന്ന ചിന്തയാൽ ദുഃഖമുണ്ടാകുകയും ചെയ്യും. എന്നാൽ ഞാൻ ഇല്ലാതെയാകാൻ പോകുന്നില്ല. ഈ ശരീരം മാറിക്കൊണ്ടി

രിയ്ക്കുന്നതാണ്. എത്രയോ പ്രാവശ്യം പുതുക്കിപ്പണിത വീടാണ് ഈ ശരീരം. പണി തീരാത്ത വീട്ടിലാണ് നാം താമസിക്കുന്നത്. ഞാൻ ശരീരമല്ലാതെ വേറൊന്നുമല്ല എന്ന ചിന്തയുള്ളതുകൊണ്ടാണ് ദുഃഖമുണ്ടാകുന്നത്. ഞാൻ ഈ ശരീരവുമാണ് ഈ ശരീരത്തിന് അപ്പുറമുള്ളതുമാണ് എന്ന് തിരിച്ചറിയാൻ നമുക്ക് സാധിച്ചിരുന്നുവെങ്കിൽ ദുഃഖമുണ്ടാകില്ല.

***അതസ്ത്വം ധൈര്യമന്വിച്ഛ***

അതുകൊണ്ട് അല്ലയോ അർജ്ജുന, നീ ധൈര്യത്തെ ആഗ്രഹിച്ചാലും. ഇപ്പോൾ ഭീരുവായിട്ടാണ് ഇരിയ്ക്കുന്നത്. ഇവരെയെല്ലാം ഞാൻ കൊന്നാൽ എന്റെ സമൂഹത്തിന് എന്തെല്ലാം പ്രത്യാഘാതങ്ങൾ ഉണ്ടാകും. അതിനെല്ലാം ഉത്തരവാദി ഞാനാവില്ലേ? എന്ന് അർജ്ജുനൻ ചിന്തിച്ചിരിയ്ക്കുകയാണ്. ഇത് ഭീരുത്വമാണ്. കാരണം സൂക്ഷ്മമായതിനെ അറിയാതെ സ്ഥൂലത്തിലുള്ള വിഷമം. ആ വിഷമത്തെയാണ് ഇവിടെ വിമർശിയ്ക്കുന്നത്.

(തുടരും)

RNI Registration Number – KERMAL/2012/56910

## ശ്രീമദ്ദേവീഭാഗവതവിമർശം

## ശ്രീമഹാഭാഗവതം

## കാശ്മീരശൈവദർശനപ്രവേശിക

## താന്ത്രികവൈഷ്ണവദർശനം

youtube.com/shripuram SUBSCRIBE

facebook.com/ShripuramTrust FOLLOW

Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712.
Editor: D.Prakash

ISSN:2583-2484

*Scan the QR code for free download*